
സത്യം അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 41 | ലക്കം 8 | 2014 സെപ്റ്റംബർ 15


# കഞ്ഞിപ്പാടത്തേയ്ക്ക് സ്വാഗതം

## പരസ്പരാനന്ദ സംഗമം

സെപ്റ്റംബർ 28 ഞായറാഴ്ചയാണ് കുറുപ്പുസാറിന്റെ 10-ാം സ്മരണാഞ്ജലി. രാവിലെ 7.30ന് നീർക്കുന്നം ധന്യയിൽ നിന്നും മൈത്രീ സന്ദേശപദയാത്ര പുറപ്പെടുന്നു. കുറുപ്പുസാറിന്റെ വസതിയിലെത്തി പ്രഭാത ഭക്ഷണം കഴിച്ച് യോഗം ചേരാം. മാനുഷിക ധ്യാനം കഴിഞ്ഞ് ഒരു മുഖലേഖനവും വായിച്ചതിനുശേഷം കുറുപ്പുസാറിന്റെ സന്ദേശങ്ങളെകുറിച്ചുള്ള ക്ലാസുകളാണ്. തുടർന്ന് തറക്കൂട്ടങ്ങളുടെ മാതൃക കൂടാം. യോഗം തറക്കൂട്ടങ്ങളായി രൂപപ്പെട്ട് ചർച്ചകളിലൂടെ മൈത്രീ ഭാവന പരിശീലിക്കണം. അപ്പോഴേയ്ക്കും ഊണിന് സമയമാകും. ഊണ് കഴിഞ്ഞ് ഭവനസന്ദർശനം. നാട്ടിലാകെ ഒന്ന് നടന്ന് വീടുകളിൽ പാരസ്പര്യത്തിന്റെ സന്ദേശം കൈമാറി 3.30ന് തിരിച്ചെത്തണം 4 മണിയ്ക്ക് സമാപന സമ്മേളനം. മാനുഷിക ധ്യാനം കഴിഞ്ഞ് സന്ധ്യയ്ക്ക് മുന്നേ പിരിയാം പങ്കെടുക്കുന്നവർ അറിയിക്കുക.

മൈത്രീ ഭാവനയുടെ പരിശീലനമാണ് ക്യാമ്പ് ലക്ഷ്യമിടുന്നത്. സാറ് പറയാറുണ്ടല്ലോ. ഒരു വള്ളം വെള്ളത്തിൽ കിടക്കുന്നത് നല്ലതാണ്. നമുക്കതിൽ കയറി തുഴഞ്ഞ് ലക്ഷ്യസ്ഥാനത്തേയ്ക്ക് പോകാം. എന്നാൽ വെള്ളം വള്ളത്തിൽ കയറിയാൽ വള്ളം മുങ്ങും. അതിനാൽ ഒരു ജാഗ്രത വേണം. ലോകത്ത് പ്രശ്ന

ങ്ങൾ ഉണ്ടാകും അത് ഒഴിവാക്കാനാവില്ല. എന്നാൽ അത് നമ്മുടെ സ്വസ്ഥത തകർക്കരുത്. എല്ലാം ഒരു കണ്ണാടിയിലെന്നപോലെ കാണുക. ശ്രീനാരായണഗുരുദേവന്റെ കണ്ണാടി പ്രതിഷ്ഠ എത്ര മഹത്തായ സന്ദേശമാണ് നൽകുന്നത്. നമ്മുടെ മനസ്സിന്റെ പ്രാകൃത ഭാവങ്ങൾകൊണ്ടാണ് നമുക്ക് ചുറ്റും അസ്വസ്ഥതകൾ രൂപം കൊള്ളുന്നത്. നമ്മൾ തന്നെയാണ് നമ്മുടെ പ്രശ്നങ്ങൾക്കുത്തരവാദി. ഇത് കണ്ട് കണ്ണാടി തല്ലിപൊട്ടിച്ചിട്ട് കാര്യമില്ല. അത് നോക്കി മുഖം മിനുക്കുംപോലെ നമ്മുടെ നേരെ വരുന്ന പ്രശ്നങ്ങൾ കണ്ട് മനോമാലിന്യങ്ങൾ തുടച്ചുകളയുക. മനസ്ഥിതി ശരിയായാൽ പരിസ്ഥിതിയും ശരിയാകും.

കുറുപ്പുസാറിന്റെ സ്മരണാഞ്ജലിക്ക് വിശ്വമൈത്രീ ഭാവനയോടെ വരിക. മനസ്സിന്റെ താണതല ചിന്തകളൊക്കെ കളഞ്ഞ് ഒരു മഹാ സുല്ലിടുക. "കോപം കൊണ്ട് ശപിക്കരുതാരും ഭഗവൻ മയമെന്നോർക്ക സമസ്തം"

പ്രപഞ്ച ചൈതന്യം ഭൂമിയിലാകെ നിറഞ്ഞ് ജീവജാലങ്ങളുടെ രക്ഷ ചെയ്യുന്നു. ജന്തുക്കൾ ഇതാസ്വദിക്കുന്നു എന്നാൽ മനുഷ്യൻ അവന്റെ അഹങ്കാരംകൊണ്ടും സഹജീവികളോടുള്ള കാരുണ്യം ഇല്ലായ്മകൊണ്ടും ഈ ശക്തി വേണ്ടത്ര ലഭിക്കാതെ ദുരിതമനുഭവിക്കുകയാണ്. മനുഷ്യർ എല്ലാം വേണ്ടപ്പെട്ടവരാണെന്ന ബോധപ്രകാശമില്ലാതെ ചെയ്യുന്ന ഈശ്വരാരാധനകൾ പാഴ്‌വേലകളാണ്. തന്റെ സൃഷ്ടികളെ സ്നേഹിക്കാതെ ദ്രോഹിച്ചിട്ട് തന്നെ ആരാധിച്ചാൽ ഏത് ഈശ്വരനാണ് അത് ഇഷ്ടമാകുക. പരസ്പര സ്നേഹവും സേവനവുമാണ് നമ്മുടെ രക്ഷാമാർഗ്ഗം. പ്രിയമുള്ളവരെ വരൂ നമുക്ക് 15 വർഷം മുമ്പ് കുറുപ്പുസാർ എഴുതിയ ഒരു ലേഖനം വായിക്കാം.

## ഒരേ ഭൂമിയിൽ ഒന്നിച്ചുജീവിക്കുന്നവർ

ഇന്നത്തെ നിർദ്ദയമായ കൊലകൾ കണ്ട് വേദനിക്കുന്നവരോട് ദർശനത്തിന് പറയാനുള്ളത്. നമുക്കാവുന്നത് നമുക്ക് ചെയ്തുകൊണ്ടിരിക്കാം എന്നു മാത്രമാണ്. ശമിപ്പിക്കുവാൻ കഴിയില്ലല്ലോ. വർദ്ധിച്ചാണല്ലോ വരുന്നത് എന്നൊന്നും ചിന്തിച്ച് ഉത്ക്കണ്ഠപ്പെട്ടിട്ടു കാര്യമില്ല. ദു:ഖിക്കേണ്ടത് സംഭവം ഓർത്തല്ല; തനിക്ക് ഒന്നും

ചെയ്യാനാവുന്നില്ലല്ലോ എന്നോർത്താവണം. ആ ദു:ഖം തീർക്കാനുള്ളമാർഗ്ഗം, പ്രതിവിധി കണ്ടെത്തി ചെയ്യുകയാണ് സാധാരണ ബന്ധപ്പെടാറില്ലാത്ത ഒരാളുമായി ബോധപൂർവ്വം ബന്ധപെടാൻ കഴിഞ്ഞാൽ കണ്ണൂർ പ്രശ്നത്തിന് അത്രയും പ്രതിവിധിയായി. മറ്റൊരു മനുഷ്യനുമായി ഇണങ്ങുന്നതിനുള്ള ശ്രമം ഓരോരുത്തരും ചെയ്തു തുടങ്ങിയാൽ എത്ര വലിയ മാറ്റമാകും സംഭവിക്കുക. എനിക്ക് ഒറ്റ ഒരാളുമായി ആത്മബന്ധം പുലർത്തുവാനേ കഴിഞ്ഞുള്ളു എന്നിരിക്കട്ടെ. അങ്ങനെ എല്ലാവർക്കും കഴിഞ്ഞാൽ എത്ര ബ്രഹത്തായ സംഭവമാകും ഉണ്ടാകുക. കഞ്ഞിപ്പാടത്തുള്ള ഒരാളുമായി ഹൃദയം തുറന്ന് സംസാരിക്കുവാൻ ഞാൻ തയ്യാറാകുന്നത് ശ്രീലങ്കാ പ്രശ്നത്തിനുള്ള ഒരു തുള്ളിമരുന്നാണ്. ശ്രീലങ്കാപ്രശ്നം അതുകൊണ്ട് തീർന്നുവോ എന്നതല്ല കാര്യം അത്രയും തുള്ളികളുടെ ഉറവയാണ് യഥാർത്ഥ മറുമരുന്ന് എന്ന് കണ്ടെത്തിയില്ലേ. അതാണ് മഹത്വമായ കാര്യം. അത് എല്ലാവരും ചെയ്ത് തുടങ്ങിയാൽ പ്രശ്നം തീർന്നു. ഞാനായിട്ടെന്തുചെയ്യാനാണ് എന്ന് ഓരോരുത്തരും കരുതി ഒഴിഞ്ഞുമാറുന്നത്കൊണ്ടാണ് പ്രശ്നങ്ങൾ ഗുരുതരമായി സങ്കീർണ്ണമായി കുരുങ്ങുന്നത്. മാനുഷിക ധ്യാനവും മൈത്രീഭാവനയും സമൂല പരിവർത്തനത്തിനുള്ള ബ്രഹ്മാസ്ത്രങ്ങളാണ്. വൃഥാ ദു:ഖിച്ച് ഒന്നും ചെയ്യാനാവില്ലെന്നു കരുതി ആരിലെങ്കിലും പഴിചാരിയോ വിശ്വസിച്ചോ പിന്മാറാതെ നമുക്ക് കഴിവതു ചെയ്യാം. എല്ലാവരും ചെയ്യണം. നാടിനുവേണ്ടി അപമാനിതനാകൂ. യുദ്ധരംഗത്തുനിന്ന് പിന്മാറാനുള്ള വിവേകമാണ്; മുന്നേറാനുള്ള ധൈര്യമല്ല ഇന്ന് മനുഷ്യന് വേണ്ടത് നാടിന്റെ പുരോഗതിയും സ്വസ്ഥതയും ആഗ്രഹിക്കുന്ന മനുഷ്യ സ്നേഹികൾ ദയവായി എതിർക്കാൻവരുന്നവരിൽനിന്ന് ഓടി അകലൂ. ആയുധം കയ്യിലെടുക്കുന്നതിനേക്കാൾ ബുദ്ധി ഓടി മാറുന്നതാണ്. വധിക്കപ്പെടുമെന്നു കണ്ടാൽ എതിർക്കേണ്ടിവരും. എന്നാൽ കഴിവതും ഒഴിഞ്ഞു മാറാൻ തന്നെ ശ്രമിക്കണം. കണ്ണൂരിലെ മാർക്സിസ്റ്റുകാരും ബി.ജെ.പി.ക്കാരും തമ്മിൽ വെട്ടിത്തുടങ്ങി എന്നറിഞ്ഞാൽ അത് ശരിയായ മാർഗം അല്ല എന്ന് തിരിച്ചറിയുന്ന അമ്പലപ്പുഴയിലെ ബി.ജെ.പി.ക്കാരോ മാർക്സിസ്റ്റുകാരോ മറു കൂട്ടരുടെ ആഫീസിൽ ചെന്ന് ഇവിടെ നമുക്ക് ഒന്നിച്ചു നിന്ന് കണ്ണൂരിലെ ഗ്രൂപ്പുകളോട് 'സംയമനം പാലിക്കണം' എന്നാവശ്യപ്പെടാം എന്നു പറയണം. അതാണ് രാഷ്ട്രത്തെ രക്ഷിക്കാനുള്ള വഴി.

ഏറ്റവും കഷ്ടമായ കാര്യം തമ്മിൽ ഏറ്റുമുട്ടുന്നു എന്നതല്ല; അവരേക്കാൾ എത്രയോ ബ്രഹത്തായ സമൂഹം ഭയന്നും നിസ്സ ഹായരായും നിഷ്ക്രിയരായി അകന്നു മാറുന്നു എന്നതാണ്. എന്നും സമാധാന പ്രിയരാണ് കൂടുതൽ. എന്തു ഫലം? പരസ്പരം ബലം ആർജ്ജിക്കുന്നില്ല ഇവിടെയാണ് തറക്കൂട്ടത്തിന്റെ പ്രസക്തി. തറക്കൂട്ടം രൂപപ്പെടുത്താൻ കഴിയാതെ വന്നാലും വ്യക്തിപരമായി സൂഷ്മപ്രവർത്തനം ചെയ്യുവാൻ കഴിയും. അത് ഉടൻ പരിഹാരമ ല്ലെന്നിരിക്കിലും നല്ല തുടക്കമാകുമല്ലോ.

സ്വസ്ഥ ജീവിതത്തിന് സാഹചര്യമൊരുക്കേണ്ട ചുമതല സർക്കാരിനും പോലീസുകാർക്കും നേതാക്കന്മാർക്കും ആണെന്ന ധാരണ ശരിയല്ല. ബഹുജനങ്ങൾക്കാണ്; നമുക്കോരോരുത്തർക്കു മാണ്. കേരളമൊട്ടാകെ പ്രാദേശിക സമൂഹജീവിതം ആരംഭിച്ചാൽ വരുന്ന മാറ്റം ചിന്തിച്ചു നോക്കൂ. നാടുവിട്ട് ഓടേണ്ടിവന്നാലും അയൽക്കാരനുമായി ചേർന്നു ജീവിക്കാനാവില്ല എന്ന മാനസിക നില എത്ര കഷ്ടമാണ്. നമുക്ക് സ്വത്തല്ല; സ്വസ്ഥതയാണ് വേണ്ട ത്. അത് അന്യോന്യ ജീവിതത്തിലൂടെയല്ലാതെ കിട്ടില്ല. നാണം കെട്ടും നഷ്ടം സഹിച്ചും, തോറ്റും, സമീപസ്ഥരുമായി ബന്ധപ്പെട്ടു ജീവിക്കുവാൻ ഓരോരുത്തരും ആവുംപോലെ ശ്രമിക്കൂ. ഉടനെ തന്നെ തുടങ്ങുക. വ്യാപകമായികൊള്ളും.

നമ്മളെല്ലാവരും മഹാ പ്രകൃതിയുടെ ഭാഗമാണ് എന്നൊരു സത്യമുണ്ട്. ഹിന്ദുവിനും മുസ്ലീമിനും വേറേവേറേ വായുവില്ല. ജനനമരണങ്ങൾ ഒരു പോലെ ഉറക്കത്തിൽ നാമൊന്ന്. വിശ്വാസ ത്തിലും ആചാരത്തിലും വീക്ഷണത്തിലും എത്ര അകലമുണ്ടായി രുന്നാലും ജീവിതത്തിൽ എല്ലാവരും പരസ്പരാശ്രയത്തിലാണ്. ഇതു പൊട്ടിക്കാൻ ഒരു വിശ്വാസത്തിനും പറ്റില്ലല്ലോ. ഇവിടെ വ്യക്ത മാക്കാൻ ശ്രമിക്കുന്ന വസ്തുത ചരിത്രം നമ്മെ വേർതിരിച്ചുവെ ങ്കിലും ജീവിതം നമുക്കൊന്നാണ് എന്നാണ്. ഇന്നും എന്നും അങ്ങിനെ തന്നെ. ഒരേ ഭൂമിയിൽ നാം ഒന്നിച്ചു ജീവിക്കുന്നു. എന്ന തല്ലേ വസ്തുത? എന്തേ നാം ഇങ്ങനെ അകലാൻ കാരണം? ഓരോ രുത്തരും ഈ ചോദ്യത്തിനുത്തരം തേടേണ്ടതാണ്.

പരമകാരുണികനും, സർവ്വശക്തനുമായ ജഗദീശ്വരനിൽ

വിശ്വസിക്കുന്നവരോടും, വിശ്വസിക്കാത്തവരോടും, ഒരു കാര്യം വീണ്ടും അപേക്ഷിക്കട്ടെ. ഈ ഭൂമി നമുക്ക് കലഹിക്കുവാനുള്ളതല്ല. അന്യോന്യം തോളോടുതോൾ ചേർന്ന്, സന്തോഷമായി ഒന്നിച്ച് മുന്നോട്ടു നീങ്ങുവാനുള്ളതാണ്. ഒരാൾ പോലും ഒറ്റപ്പെട്ടു പോകരുത്. ഭൂമിയിൽ ഒരാൾപോലും അടിസ്ഥാനാവശ്യങ്ങൾ നിർവഹിക്കാ നാകാതെ അനാഥനാവാതിരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. എല്ലാവരും ശ്രദ്ധിച്ചാൽ അത് സാധിക്കും. അത്തര ത്തിൽ ഒരു ശ്രമം നമുക്കാരംഭിക്കാം. അതിനെന്ത് ചെയ്യണം? ഒന്നാമതായി വേണ്ടത് നമ്മുടെ ഉള്ളിൽ എല്ലാവരെയും നമുക്കു ള്ളവരായി കരുതുകയാണ്. സംഭവിച്ചുപോയ പിണക്കങ്ങളും, വെറുപ്പുകളും, അതിർത്തിത്തർക്കവും, കോടതിക്കേസുകളും ഉൾപ്പെടെ അകലങ്ങളെല്ലാം ഓരോരുത്തരും മനസ്സിൽ വച്ചുകൊണ്ടി രിക്കാതെ വേണ്ടെന്നുവെയ്ക്കുവാൻ സാധന ചെയ്തു തുടങ്ങണം.

അകലങ്ങളും, കലഹങ്ങളും വിഭാഗീയതകളും നീക്കി ഹൃദയശുദ്ധി കൈവരുത്തുന്നതിനാവണം നമ്മുടെ ഇനിയുള്ള സകല നീക്കങ്ങളും. ആരുടെ ഭാഗത്താണ് ശരി, ആർക്കാണ് തെറ്റ് പറ്റിയത് എന്നൊന്നും പുറകോട്ടുപോയി ചികഞ്ഞുനോക്കാൻ ശ്രമി ക്കാതെ, നല്ലൊരു ഭാവിജീവിതത്തിനു വേണ്ടി എല്ലാ കലഹങ്ങളും സുല്ലിട്ടവസാനിപ്പിക്കു വാൻ ഇന്നുമുതൽ ഓരോരുത്തരും ശ്രമം തുടങ്ങണം. എനിക്കാരോടും പകയില്ല, ഞാൻ എല്ലാവർക്കുംവേണ്ടി എന്നാലാവുന്നതു ചെയ്യാം എന്നു പറയുവാൻ നമുക്കോരോരു ത്തർക്കും കഴിയണം. പിണക്കങ്ങൾ എല്ലാം അവസാനിപ്പിച്ച് അന്യോന്യജീവിതം തുടങ്ങാം. അപമാനിതനായും, തോറ്റും, നഷ്ടം സഹിച്ചും ബന്ധം നിലനിർത്തണം. അപ്പോഴേ അതിന്റെ മഹത്വവും, സുഖവും ശാന്തിയും സുരക്ഷിതത്വവും നമുക്കനുഭവമാകൂ.

ഓരോ ദിവസവും പ്രഭാതത്തിൽ നാം ഓരോരു ത്തരും ഉണരുന്നത് എല്ലാവർക്കും വേണ്ടിയാവട്ടെ. എല്ലാ ദിവ സവും മുപ്പത് മിനിട്ടെങ്കിലും രാത്രിയോ പകലോ സൗകര്യം പോലെ തൊട്ടടുത്ത വീട്ടുകാർ തുറന്ന മനസ്സോടെ ഒന്നിച്ചിരുന്ന് ശീലി ക്കണം. മണ്ണിൽ മുപ്പത് മിന്നിട്ടെങ്കിലും ദിവസേന ഒന്നിച്ചു പണിയെടുക്കുവാൻ എല്ലാവരും തയ്യാറാകണം. നമ്മുടെ കയ്യിൽ വരുന്നത് അത് ആവശ്യമുള്ളവർക്കുകൂടിയാണെന്ന് കരുതി,

യഥാശക്തി കൊടുത്തുകൊണ്ടേയിരിക്കണം. മറ്റുള്ളവർ തരുന്നത് സന്തോഷമായി വാങ്ങുകയും വേണം. അങ്ങനെ കൊടുത്തും വാങ്ങിയും ഒന്നിച്ച് അദ്ധ്വാനിച്ചും പങ്കിട്ടനുഭവിച്ചും കൂടി ആലോചിച്ചും ജീവിക്കുന്ന ഒരു ജനത ആയി നമുക്ക് ഉയരാം. ഒരേ ഒരു വീട്ടുകാർ എന്ന ബോധത്തിൽ, യാതൊരു പ്രതിഫലവും ആഗ്രഹിക്കാതെ, നമുക്ക് ഒന്നിച്ച് പണിയെടുക്കാം. വില വാങ്ങാതെ നമ്മുടെ ഉൽപ്പന്നങ്ങൾ പരസ്പരം കൊടുക്കാം. ഒന്നിച്ച് അദ്ധ്വാനിച്ച് പങ്കിട്ടനുഭവിച്ച് ഒത്തൊരുമയോടെ ജീവിച്ച് ഈ ഭൂമിയെ ആനന്ദഗോളമാക്കാം. നോട്ടും വോട്ടും ഭരണകൂടങ്ങളും മനുഷ്യന്റെ സ്വസ്ഥജീവിതത്തിന് വേണ്ടതാണോ എന്നൊരാലോചന എല്ലാ മനസ്സിലും മുള ഇടണം. വിലയും കൂലിയും കുടുംബത്തിനകത്ത് വേണ്ടാത്തതുപോലെ നാട്ടിലും വേണ്ടെന്നുവയ്ക്കരുതോ?

വീട്ടിൽ തുടങ്ങാം. വീട്ടിനുള്ളിൽ അംഗങ്ങൾ അന്യോന്യം ബോധപൂർവ്വം അനുനിമിഷം അനന്യഭാവം നിലനിറുത്താൻ ശ്രമിക്കണം. അയൽക്കാരിലേയ്ക്കും പരസ്പരം അത് പടരണം. 'ഭൂമിക്കാർ' എന്ന ബോധവും വികാരവും ഓരോരുത്തരിലും തളിർത്ത് പൂത്തു വിരിഞ്ഞുവരണം. പൂക്കുന്നതെല്ലാം കരിയുന്ന കാലാവസ്ഥയാണിന്നുള്ളത് എന്നു സമ്മതിക്കുന്നു. അതുകൊണ്ട് പൂക്കാതിരിക്കരുത്. അന്യോന്യ ഭാവം ഭൂമിയിലാകെ നിറയുന്നതിന് ഓരോ മനസ്സും ഉടവിടമാകണം. എന്റെ മനസ്സിൽ നിന്ന് ഒരുറവ ജനിക്കട്ടെ. അതെനിക്കാകാമല്ലോ. അപരനേയും പ്രേരിപ്പിക്കാം. ഇതാണ് മനുഷ്യ ജീവിതം. ഒന്നിച്ച് ഒരടി മുന്നോട്ടുവയ്ക്കുവാൻ കഴിഞ്ഞാൽ അത്രയും നന്ന്.

പരസ്പരം അടുത്ത് ജീവിക്കാൻ തയ്യാറായാൽ മാത്രം മതി. മക്കൾ ഒന്നിച്ചു സ്നേഹത്തിലായാൽ ഭൂമി ചുരത്തിത്തരും. ഇവിടെ എല്ലാം വേണ്ടതിലെത്രയോ അധികമുണ്ട്. ഒന്നിച്ചെടുത്ത് പങ്കിട്ടു കഴിച്ച് സാനന്ദം ആടിപ്പാടി ഭൂമിയിലാകെ വിഹരിക്കാം. ആയിരം വിശ്വാസങ്ങളും ആയിരമായിരം ആചാരങ്ങളും ഭാഷകളും നിലനിന്നുകൊള്ളട്ടെ. ജീവിതം അത് ഒന്നിച്ചാണ്, അന്യോന്യമാണ്. നിന്റെ വിശ്വാസം എന്തായിരുന്നാലും നീ എന്റേതും ഞാൻ നിന്റേതുമാണ്.

# 'പുതിയലോകം പുതിയവഴി' – ഒരു അനുചിന്തനം (ഭാഗം 13)

## ഭൂമിക്കാരൻ

സ്വകാര്യമാത്രപരതയെന്ന രോഗാണുവിന്റെ പ്രവർത്തനം നിരീക്ഷിച്ചാൽ വ്യക്തിതലത്തിൽ മാത്രമല്ല, സമൂഹഗാത്രമാകെ അതിന്റെ പ്രവർത്തനമേഖലയാണെന്നു കണ്ടെത്താനാകും. വിശ്വത്തോളം വിടർന്നുല്ലസിക്കാൻ പ്രാപ്തമായ വ്യക്തിമനസ്സിനെ അത് അവനവനിലേക്കുമാത്രമായി ചുരുക്കിയൊതുക്കി ചുറ്റും വേലികെട്ടാൻ പ്രേരിപ്പിക്കുന്നതുപോലെ, സമൂഹത്തിന്റെ എല്ലാ മേഖലകളിലും അത് സങ്കുചിതത്വത്തിന്റെയും വിഭാഗീയത യുടെയും മതിൽക്കെട്ടുകളുയർത്തുന്നു. അതു പ്രകടമാകുന്നത്, സ്വന്തം സമുദായമാത്രപരം, പാർട്ടിമാത്രപരം, പ്രദേശമാത്രപരം, രാഷ്ട്രമാത്രപരം എന്നിങ്ങനെയുള്ള മനോഭാവങ്ങളായാണ്. മനുഷ്യമനസ്സ് ഇവയ്ക്കൊക്കെ അതീതമാകാത്തിടത്തോളം കാലം വിശ്വകുടുംബമെന്ന മഹാസങ്കല്പത്തിന് ഈ ഭൂമിയിൽ വേരു മുളയ്ക്കുന്നതെങ്ങനെ? അതുകൊണ്ടാണ്, ദേശീയബോധംപോലും സ്വരാഷ്ട്രമാത്രപരമാകാതെ നോക്കണം എന്നു പങ്കജാക്ഷൻ സാർ പറയുന്നത്. മനുഷ്യന് അടിസ്ഥാനപരമായിവേണ്ടത്, താൻ ഭൂമിക്കാരനാണ് എന്ന ബോധമായിരിക്കണം എന്നദ്ദേഹം ഉദ്ബോധി പ്പിക്കുന്നു. "ഇന്ത്യാക്കാരൻ, റഷ്യാക്കാരൻ, അമേരിക്കക്കാരൻ തുട ങ്ങിയ ശബ്ദങ്ങൾക്കുപരി 'ഭൂമിക്കാരൻ' എന്ന ശബ്ദം അഭിമാനഭരി തമാകണം. ഭൂമിയാണെന്റെ ജന്മനാട് എന്ന സത്യബോധം ഉണരണം.... വിശാലദൃഷ്ടി നൽകുന്ന ഇത്തരം പദങ്ങൾ ബഹുജനങ്ങൾക്കിടയിൽ പരന്നുവരണം...." (പേജ്: 45; 2-ാം പതിപ്പ് പേജ്: 39) എന്നാണദ്ദേഹം പറയുന്നത്.

'ഭൂമിക്കാരൻ'-മനുഷ്യനു പങ്കജാക്ഷൻ സാർ നൽകിയ പുതുനിർവ്വചനമാണിത്. മനുഷ്യനെപ്പറ്റി ഇതുവരെ ആരും പറഞ്ഞി ട്ടില്ലാത്തതും, എന്നാൽ പ്രത്യക്ഷത്തിൽത്തന്നെ എല്ലാവർക്കും അറിവുള്ളതുമായ ഒന്നാണ് ഈ നിർവ്വചനം എന്നതാണതിന്റെ സവിശേഷത. ആ നിർവ്വചനം അദ്ദേഹത്തിന്റെ മുഴുവൻ സമൂഹ

ദർശനത്തിന്റെയും അടിത്തറയാണെന്നും പറയാം.

ഒരു പുതിയ ലോകം വിഭാവനംചെയ്തിട്ടുള്ള ആചാര്യന്മാരും പ്രവാചകരുമെല്ലാം ഇതുപോലെ മനുഷ്യനെ പുതുതായി നിർവ്വചിച്ചുകൊണ്ടാണ് തങ്ങളുടെ ദർശനങ്ങളും ജീവിതമാർഗ്ഗരേഖകളും അവതരിപ്പിച്ചിട്ടുള്ളത് എന്നിവിടെ ഓർക്കാം. ദ്വൈത-അദ്വൈത-വിശിഷ്ടാദ്വൈതദർശനങ്ങളെല്ലാം ഈ മഹാപ്രപഞ്ചത്തിൽ മനുഷ്യനാര് എന്ന് വ്യത്യസ്തമായ രീതികളിൽ നിർവ്വചിച്ചുകൊണ്ടാണ്, 'ലോകം ഒരു കുടുംബം' (വസുധൈവകുടുംബകം) ആണെന്നു സമർത്ഥിച്ചത്. പിതാവായ ദൈവത്തിന്റെ മക്കളാണു മനുഷ്യർ എന്ന് യേശുവും കരുണാമയനായ അള്ളാഹുവിന്റെ സൃഷ്ടികളാണു മനുഷ്യർ എന്നു മുഹമ്മദ് നബിയും മനുഷ്യനെ നിർവ്വചിച്ചുകൊണ്ടാണ് സാഹോദര്യത്തിലധിഷ്ഠിതമായ ഒരു പുതിയ ലോകത്തെ അവർ പ്രഘോഷിച്ചത്.

ചിന്തയുടെയും മനനത്തിന്റെയും ചക്രവാളാതിർത്തികൾ വരെതാണ്ടി അവരൊക്കെ കണ്ടെത്തുകയും മനുഷ്യമനസ്സുകളെയും മനുഷ്യജീവിതത്തെയും ഓരോരോ കാലത്ത് പ്രോജ്ജ്വലിപ്പിക്കുകയും പുതുക്കിപ്പണിയാൻ പ്രേരകമാവുകയും ചെയ്ത ഈ ദാർശനികനിർവ്വചനങ്ങൾ സത്യമായിരിക്കെത്തന്നെ, അവയ്ക്കുമേൽ രൂപംകൊണ്ട മതപ്രസ്ഥാനങ്ങളൊക്കെ ഇന്നു ജീർണ്ണവും നിർജ്ജീവവുമായിക്കഴിഞ്ഞു എന്നു പങ്കജാക്ഷൻസാർ കണ്ടെത്തുന്നുണ്ട്. "ഒരു മതത്തിലോ ഗ്രന്ഥത്തിലോ പ്രവാചകനിലോ ദേശത്തിലോ ചര്യയിലോ എവിടെയെങ്കിലും തടയപ്പെട്ട് മറ്റുള്ളവയെ അന്യമായി കാണാനിടവരുന്നിടത്ത് ഈശ്വരൻ കൈവിട്ടുപോകും" (പേജ് 73) എന്നദ്ദേഹം പറയുന്നത് ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ്. മഹാമനീഷികൾ രൂപംകൊടുത്ത ഉദാത്തമായ ദർശനങ്ങളൊക്കെയും ഇന്നു വിഭാഗീയതയുടെ അതിർത്തിക്കല്ലുകളാക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല, ആത്മജ്ഞാനത്തിലൂടെ 'ഞാൻഭാവ'(ego)മെന്ന അഹത്തിൽനിന്നും അതുല്പാദിപ്പിക്കുന്ന സ്വകാര്യമാത്രപരതയെന്ന ഭൗതികമനോഭാവത്തിൽനിന്നും മനുഷ്യനെ സ്വതന്ത്രനാക്കി, അവന്റെ പ്രജ്ഞയെ പ്രപഞ്ചത്തോളം വിടർത്തുകയും മനുഷ്യനിൽ പരാർത്ഥതാഭാവമെന്ന ആത്മീയത നിറയ്ക്കുകയും ചെയ്തിരുന്ന അതേ ദർശനങ്ങളിന്ന് സ്വകാര്യ

സ്വർഗ്ഗപ്രാപ്തി ലക്ഷ്യമാക്കിയുള്ള ആചാരാനുഷ്ഠാനവേദികൾക്കു കാരണമായി ഭവിച്ചിരിക്കുന്നു. അതായത്, സ്വകാര്യമാത്രപരതയ്ക്ക് ആത്മീയമാനം നൽകി അതിനുമേൽ പുണ്യാഹം തളിക്കുന്നവയായിത്തീർന്നിരിക്കുന്നു, ഇന്നത്തെ മതങ്ങൾ. അക്കാരണത്താൽ മതങ്ങൾ എന്നപേരിൽ ഇന്നറിയപ്പെടുന്ന ഒന്നിനെയും താൻ വിഭാവനം ചെയ്യുന്ന പുതിയ ലോകത്തിന്റെ കെട്ടുപണിക്ക് ഉപയുക്തമാക്കാനാവില്ല എന്ന വിചാരം പങ്കജാക്ഷൻസാറിനുണ്ടായിരുന്നു എന്നുവേണം കരുതാൻ.

പുതിയ കാലത്തിനും പുതിയ ലോകത്തിനുംവേണ്ടി, മതമെന്ന വാക്കോ അതുമായി ബന്ധപ്പെട്ട വാക്കുകളോ ഉച്ചരിക്കാതെ ഒരു പുതിയ മതം അവതരിപ്പിക്കുകയാണ്, മനുഷ്യനെ ഭൂമിക്കാരൻ എന്നു നിർവ്വചിച്ചുകൊണ്ട്, പങ്കജാക്ഷൻസാർ. ഇവിടെ മതം എന്ന വാക്ക് സമഗ്രമായ കാഴ്ചപ്പാട് എന്ന അതിന്റെ യഥാർത്ഥ അർത്ഥത്തിൽ മാത്രമാണുപയോഗിക്കുന്നതെന്ന് എടുത്തുപറയട്ടെ.

പങ്കജാക്ഷൻ സാറിന്റെ ഈ മാനുഷികമതത്തിൽ അമൂർത്തമായ ഒരാശയത്തിനും സ്ഥാനം നൽകിയിട്ടില്ല എന്നോർക്കുക. 'ജനനത്തിലും മരണത്തിലും, അന്ധകാരത്തിലും പ്രകാശത്തിലും, ഭൂമിയിലും ആകാശത്തിലും, ചരങ്ങളിലും അചരങ്ങളിലും, ഭൂതത്തിലും ഭാവിയിലും ഉടനീളം നിറഞ്ഞുനിൽക്കുന്ന എന്നെ നേർക്കുനേരെ കാണുന്നതാണ് ഈശ്വരാഭിമുഖത' (പേജ് 71) എന്നെഴുതിയ പങ്കജാക്ഷൻ സാറിന് ദാർശനികമായ ആഴമില്ലെന്നോ അദ്ദേഹം ഈശ്വരവിശ്വാസിയല്ലെന്നോ ആരും പറയില്ല. എന്നാൽ, ഈശ്വരനെയോ ആത്മാവിനെയോ വിശ്വാസസംഹിതകളെയോ ഒന്നും അദ്ദേഹം തന്റെ ദർശനത്തിലേക്കു കൊണ്ടുവരുന്നില്ല എന്നതു ശ്രദ്ധേയമാണ്. അനന്തവിശാലമാണ് ഈ പ്രപഞ്ചം എന്നതു സത്യമെന്നംഗീകരിക്കുമ്പോൾത്തന്നെ മനുഷ്യർക്കു കാലുചവുട്ടി നടക്കാൻ കഴിയുന്ന ഈ ഭൂമിയെയും അവിടെയുള്ള മനുഷ്യരെയും കേന്ദ്രീകരിച്ചുള്ള ഒരു കാഴ്ചപ്പാടിലേക്കെങ്കിലും മനുഷ്യരെത്തിയാൽ മതി, ഒരു പുതിയ ലോകസൃഷ്ടിക്ക് എന്നാണദ്ദേഹം കരുതുന്നത്. അജ്ഞേയമായ ആത്യന്തികസത്യത്തെ നിഷേധിക്കാതെതന്നെ തന്റെ കൺമുമ്പിലുള്ള പ്രത്യക്ഷസത്യത്തിൽ ഊന്നുകയാണദ്ദേഹം. ആകമാനസത്യത്തിലൂന്നിയുള്ള മഹാദർശനങ്ങളുടെ അന്തിമഫല (end result) മായ ഏകാത്മകതാബോധവും

പരസ്പരസ്നേഹവും മനുഷ്യന്റെ ആസ്ഥാനമായ ഭൂമിയെമാത്രം മുൻനിർത്തിയും സാധിക്കാമെന്നദ്ദേഹം കണ്ടെത്തുന്നു. പ്രത്യക്ഷ സത്യത്തിലൂന്നിയുള്ളതായതിനാൽ അദ്ദേഹം മുന്നോട്ടുവയ്ക്കുന്ന മാനുഷികദർശനത്തെ ആർക്കും നിരാകരിക്കാനാവില്ലതാനും. സിദ്ധാന്തഭാരം അശേഷമില്ലാത്തതിനാൽ ആർക്കും, ഏതു സാധാരണക്കാരനും ഏതു മതവിശ്വാസിക്കും ഏതു നിരീശ്വരനും ഈ ദർശനം ഉൾക്കൊള്ളാനാകുമാകും.

ഞാൻ ഇന്ത്യാക്കാരൻ എന്ന ചിന്തയ്ക്കുമേൽ ഞാൻ ഭൂമിക്കാരൻ എന്ന ചിന്തകൂടി ഉണ്ടാകുമ്പോൾ മനസ്സ് ഒരു പുതിയ മാനം കൈവരിക്കുകയാണ്. ഇന്ത്യക്കാരനായിരിക്കെത്തന്നെ മറ്റെല്ലാ രാജ്യക്കാരെയും സമഭാവനയിൽ കാണാനും അവരുടെയെല്ലാം അഭ്യുദയം കാംക്ഷിക്കാനുമുള്ള വ്യാപ്തി മനസ്സിനുണ്ടാകുകയാണ്. വ്യക്തിയായും കുടുംബമായും അയൽസമൂഹമായും, മലയാളിയും ക്രിസ്ത്യാനിയും ഹിന്ദുവും മുസ്ലീമും ഒക്കെയായും ജീവിക്കുമ്പോൾ, എല്ലാവരും അടിസ്ഥാനപരമായി ഭൂമിക്കാരനാണെന്ന ബോധംകൂടി പുലർത്താനായാൽ, ഈ ഓരോ തലത്തിലുള്ള ജീവിതവും മാനുഷിക മൂല്യങ്ങളാൽ കൂടുതൽ ഏകോപിതവും ഹൃദ്യവും സംതൃപ്തവുമാകും. മനുഷ്യൻ മനസ്സുകൊണ്ടു ഭൂമിക്കാരനാകുന്നതോടെ, അതുവരെ വൈരുദ്ധ്യങ്ങളായി കണ്ടിരുന്നതൊക്കെയും സൃഷ്ടിപരമായ സംയോജനത്തിനുള്ള കേവലം വൈവിദ്ധ്യങ്ങൾ മാത്രമായിരുന്നെന്നു കാണാനുള്ള തിരിച്ചറിവും പോസിറ്റീവ് മനോഭാവവും അവനു കൈവരുന്നു.

ഭൂമിയാണെന്റെ ജന്മനാട്-പങ്കജാക്ഷൻ സാർ വെളിവാക്കുന്നത് ഈ സത്യബോധത്തെയാണ്. സ്വകാര്യമാത്രപരതയെന്ന രോഗാണുവിനെ നിർവീര്യമാക്കാൻ അദ്ദേഹം കണ്ടെത്തിയ ദിവ്യൗഷധമാണത്. മനുഷ്യരിൽ ഈ ബോധംതെളിഞ്ഞാൽ, സാമൂഹികവും കുടുംബപരവും വ്യക്തിപരവുമായ എല്ലാ സ്വകാര്യമാത്രപരതകളും വിഭാഗീതയകളും താനേ അപ്രത്യക്ഷമായിക്കൊള്ളുമെന്നാണ് അദ്ദേഹം സമർത്ഥിക്കുന്നത്. മനുഷ്യരെല്ലാം ഭൂമിയെന്ന ഒരേയൊരു നാട്ടിലെ നാട്ടുകാർ, ഭൂമിയെന്ന ഒരേയൊരു വീട്ടിലെ വീട്ടുകാർ! ഓരോ മനുഷ്യനും ഭൂമിക്കാരൻ! അതിലളിതമായ ഈയൊരു സത്യബോധം മനുഷ്യൻ

ആർജ്ജിച്ചാൽമതി, പങ്കജാക്ഷൻ സാർ പറയുന്ന ആ പുതിയലോകം ഒരു പുഷ്പംപോലെ നമ്മുടെ ഉള്ളിലും നമ്മുടെ ഇടയിലും വിടർന്നുവന്ന് പരിമളം പരത്തി പരിലസിച്ചുകൊള്ളും.

ജോർജ്ജ് മൂലേച്ചാലിൽ
ഫോൺ: 9497088904

---

ഒരു യാത്രയുടെ കഥ

# ഉത്തരാഖണ്ഡ് ദർശനം-2

**ചന്ദ്രൻ പുറക്കാട്.** ഫോൺ : 9446327525

## യമുനോത്രി

ഹനുമാൻചട്ടിയിൽനിന്നും അത്ര അകലെയല്ല ഫുൽചട്ടി. അതുവരെ മാത്രമേ ജീപ്പും ബസ്സും എത്തുകയുള്ളൂ. അവിടെ നിന്നാണ് യമുനോത്രിയിലേയ്ക്കുള്ള വഴിതുടങ്ങുന്നത്. ജീപ്പ്യാത്ര അവസാനിക്കുന്നത് ജാനകിബായിചട്ടിയിലാണ്. അവിടെ ഞങ്ങളെത്തുമ്പോൾ യാത്രക്കാരെ കാത്തുനിൽക്കുന്ന കുതിരകളും കുതിരക്കാരും ഏറെയുണ്ടായിരുന്നു. സമയം രാവിലെ 7 മണി.

നിരനിരയായി നില്ക്കുന്ന കുതിരകൾ. അവയിലേയ്ക്ക് ആനയിക്കുന്ന ഏജന്റുമാർ. പലപ്രായത്തിലുള്ള കുതിരകൾ പലവലിപ്പത്തിലുള്ളവ. ആകർഷകമാണ് അവയുടെ തലയെടുപ്പുകൾ. കടിഞ്ഞാണും പിടിച്ച് കവിളിൽത്തട്ടി അവയോട് കിന്നാരം പറയുന്ന കുതിരക്കാർ. വളരെ സന്തോഷത്തോടെ അവർ യാത്രക്കാരെ സ്വാഗതം ചെയ്യുന്നു. ഞങ്ങളുടെ ടീമിൽ കുറച്ച്പേർ കാൽനടയായിത്തന്നെ യമുനോത്രിയ്ക്ക് പോകാൻ തയ്യാറായി. പ്രായമായവർ കുതിരപ്പുറത്ത് പോകുന്നതാണ് നല്ലതെന്ന് ഞങ്ങളുടെ ടീം ലീഡർ ഓർമിപ്പിച്ചുകൊണ്ടിരുന്നു. സ്ത്രീകൾക്കും അതുതന്നെ നല്ലതെന്ന് ടൂർ കണ്ടക്ടറായ നാഗരാജനും മിസ്സിസ്സ് രാജൻ പറഞ്ഞു. അപ്പോഴേയ്ക്കും നടന്നുപോകാനുള്ളവർ തയ്യാറെടുത്തുനിന്നു. കുതിരപ്പുറത്ത് സഞ്ചരിക്കാൻ തീരുമാനിച്ചവർ ആ ക്യൂവിലും സ്ഥാനം പിടിച്ചു. കുതിരപ്പുറത്ത് വരാൻ തീരുമാനിച്ച ശ്രീകേശവൻപോറ്റിയ്ക്ക് പര്യാപ്തമായ ഒരു കുതിരയെ ലഭിച്ചില്ല. കാരണം, ആ യുവസു

ഹൃത്ത് നല്ല വേദപാഠപാരംഗതനും ക്ഷേത്രം പൂജാരിയുമാണെങ്കിലും ശരീരഭാരം അല്പം കൂടുതലായിരുന്നു. കയറ്റമുള്ള പാതയിലൂടെ കുതിരയ്ക്ക് അദ്ദേഹത്തെ വഹിക്കുക പ്രായാസമായിരിക്കും എന്ന് കുതിരക്കാരൻ അറിയിച്ചു. അല്പം തുക കൂടുതൽ കൊടുക്കാൻ തയ്യാറായപ്പോൾ അയാൾ പറ്റിയ ഒരു കുതിരയെ പിന്നീട്കൊണ്ടുവന്നു. കാത്തുനിന്നു സമയംപോയങ്കിലും പിന്നീട് ഞങ്ങളുടെ ടീം ഒന്നായിത്തന്നെ പുറപ്പെട്ടു.

കടിഞ്ഞാണും സീറ്റുബെൽറ്റും തന്ന് ഞങ്ങളെ ഓരോരുത്തരെയായി കുതിരക്കാർ യാത്രയ്ക്കു തയ്യാറായി. കുതിരപ്പന്തയത്തിൽ പങ്കെടുക്കുന്ന ഭടജനങ്ങളെപ്പോലെ ജീവിതത്തിൽ രണ്ടാം തവണയാണ് ഞാൻ കുതിരസവാരി നടത്തുന്നത്. ആദ്യയാത്ര തിരുവനന്തപുരത്ത് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ക്യാമ്പിൽ പങ്കെടുത്തപ്പോഴായിരുന്നു. സാഹിത്യകാരനായ ശ്രീ. ഉല്ലലബാബുവും മറ്റു ചില സുഹൃത്തുക്കളുമൊന്നിച്ച് ആക്കുളത്തുവച്ച്, ആ ഓർമ്മ മനസ്സിൽ വന്നപ്പോൾ ഒരു ധൈര്യം താനേവന്നു. പഴയ സിനിമകളിൽ കുതിരപ്പുറത്ത് സഞ്ചരിക്കുന്ന നായക നടന്മാരെയും മനസ്സിൽ ഓർമ്മിച്ചു. കുതിരക്കാരൻ കുറച്ചു ക്ലാസുകൾ തന്നു. ബലമായിപിടിച്ചിരിക്കണം. ചരിയരുത്, നേരെനോക്കണം, നേരെയിരിക്കണം എന്നൊക്കെ. അയാൾ കടിഞ്ഞാൺ പിടിച്ച് ഏതാനും ചുവടുകൾ കൂടെ നടന്ന് ശ്രദ്ധിച്ചുപോകാൻ കുതിരയ്ക്കും നിർദ്ദേശം നൽകി. ഓക്കെ എന്ന മട്ടിൽ തലയാട്ടി കുതിരമറ്റുള്ളവർക്കൊപ്പം ഓടാൻ തുടങ്ങി. കിറ്റ്ബാഗ് തോളത്ത് തൂങ്ങുന്നുണ്ടായിരുന്നു. എന്റെ കുതിരക്കാരന് രണ്ടുമൂന്ന് കുതിരകളുടെ ചുമതല ഒന്നിച്ചുണ്ടായിരുന്നു. മുന്നോട്ട് നീങ്ങുന്തോറും കുതിര വേഗം ഓടാൻ തുടങ്ങി. കോൺക്രീറ്റുചെയ്ത പാതയിലൂടെ കുതിരക്കുളമ്പിന്റെ ടക്ടക് ശബ്ദം ഉയർന്ന പാതയ്ക്ക് ഏതാണ്ട് 8 അടി വീതിമാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുതന്നെ മഴനനഞ്ഞ് വഴുവഴുക്കലുണ്ടായതായി കണ്ടു. റോഡിന്റെ വലതുവശം അഗാധമായ കുഴിയാണ്. മലനിരകളുടെ താഴ്വാരം റോഡിനുവശങ്ങളിൽ സുരക്ഷാകമ്പിവേലികൾ സ്ഥാപിച്ചിരിക്കുന്നതായി കണ്ടു. അപകടം വരാതിരിക്കുവാൻ അവ വളഞ്ഞും ചാഞ്ഞും ദുർബലപ്പെട്ടിരുന്നു. എതിർ ദിശകളിൽ നിന്നും ഓടിവരുന്ന കുതിരയുടെ സീറ്റ്ഹോൾഡർ പലപ്പോഴും കാലിൽത്തട്ടിയാണ് പോയിരുന്നത്. ലഗ്ഗ്ഹോൾഡർ ഇരുകാലുകളും

ചേർത്ത് പതുക്കെപോകാൻ കടിഞ്ഞാൺ വലിയ്ക്കുകയും ചെയ്തു. കുതിരച്ചാണകവും മൂത്രവും വീണ് വഴികൾ തെന്നിക്കിടന്നിരുന്നു. കുതിരയ്ക്കുപോലും ആ മണം പിടിക്കാതെവന്നപ്പോൾ അത് ചിണുങ്ങി ഒച്ചവെച്ചുനിൽക്കാനും തുടങ്ങി. കുതിരക്കാരൻ വന്നു തട്ടുമ്പോൾ വീണ്ടും കുതിയ്ക്കും.

വഴിയോരങ്ങളിൽ മലമ്പാതകളിൽ പലതരം കാട്ടുമരങ്ങൾ വളർന്നുനിന്നിരുന്നു. ദേവദാരു, കടമ്പ് പൈൻ, ഓക്ക് എന്നിവയും കാട്ടുപഴങ്ങൾ വിളയുന്ന ചിലതരം ചെടികളും. റോഡിനുതാഴെ വശങ്ങളിൽ യമുനാനദി ഒഴുകികൊണ്ടിരുന്നു. അതിന്റെ ശബ്ദവും മുഴക്കവും അനുഭവപെട്ടു. പുഴയ്ക്കപ്പുറം വീണ്ടും മറ്റൊരു മേടാണ്. അതും ഹിമാലയത്തിന്റെ മറ്റൊരു ശൃംഗം തന്നെ. അങ്ങിനെ എത്രയെത്ര ഗിരിശൃംഗങ്ങൾ നിറഞ്ഞതാണ് ഹിമാലയൻ ഭൂമി. കഥകളും കവിതകളും ഉറങ്ങുന്ന ഈ വനഭൂമി എത്രയെത്ര കവികൾക്കും കവിതകൾക്കുമാണ് പ്രചോദനമായത്. വ്യാസനും ഭാസനും ശങ്കരാചാര്യരും എല്ലാം കാവ്യാമൃതം നുകർന്നത് ഈ തീരത്തുവച്ചുതന്നെയായിരിക്കുമല്ലോ.

യമുനയുടെ തീരം സ്മരണകളുണർത്തുന്ന പുണ്യഭൂമിയാണ്. യമുന ശ്രീകൃഷ്ണന്റെ ചെറുപ്പകാലത്തെ കളികൂട്ടുകാരിയായിരുന്നു. ഒഴുകുന്തോറും ഇവൾ വിസ്തൃതി പ്രാപിക്കുന്നു. ജനവാസകേന്ദ്രങ്ങൾ കുറവാണ് തുടക്കത്തിൽ. മാനും മുയലും കാട്ടുപന്നിയും കുരങ്ങും അപൂർവ്വമായി കടുവയും പുലിയുമെല്ലാം ഇവിടെ കടന്നുവരുമെന്നും പറയപ്പെടുന്നു. ഹിമാനിയുടെ വെളുത്ത തലക്കെട്ടുകൾ ചുറ്റുപാടും. ഉയരത്തിൽ അവയുടെ തണുപ്പും കാട്ടരുവികളുടെ പാട്ടും നമ്മെ ഏകാന്തതയുടെ മറ്റൊരു തീരത്തേയ്ക്ക് ആനയിക്കുന്നു. ഇത് ദേവഭൂമിയാണ്. ശിവനും പാർവ്വതിയും വിഹരിക്കുന്ന ദേവഭൂമി. നദികൾ ദേവതമാരും ഗിരികൾ ദേവന്മാരും. കുതിരപ്പുറത്ത് വരുന്നവരും പോകുന്നവരും ശ്രദ്ധിച്ചുപിടിച്ചാണ് ഈ വനവീഥി താണ്ടുന്നത്. പരിക്ഷീണിതനാണ് തങ്ങളെന്ന് ആ മുഖങ്ങളിൽ ചിലതെങ്കിലും നമ്മോട് വിളിച്ചോതുന്നു. വഴിക്കുവച്ചിട്ടുള്ള ജലസംഭരണികളിൽനിന്നും വെള്ളം ലഭിക്കും. അതുമല്ലെങ്കിൽ ഇടയ്ക്കിടെ ഉള്ള ചെറുതട്ടുകടകളിൽ നിന്നും ലഭിക്കുന്ന ചായയും കാട്ടുപഴങ്ങളും യാത്രികരെ കാത്തിരിപ്പുണ്ട്. അടുത്തുകണ്ട വിശ്രമസങ്കേതത്തിൽ കുതിരക്കാർ കുതിരയെ തളച്ചു. അവരുടെ പതിവ്

ചായക്കടയിലേയ്ക്ക് ഞങ്ങളെ നയിച്ചു. അവിടെ പലരും മുന്നിലിട്ട ബഞ്ചിലും കസേരയിലുമായി ചായകഴിച്ചിരിക്കുന്നു. കുതിരയാത്ര യുടെ തിഷ്ണാനുഭവങ്ങൾ ചിലർ പങ്കുവെയ്ക്കുന്നുണ്ടായിരുന്നു. കാലിന്റെ ചെറുവിരൽ മറ്റൊരു കുതിരയുടെ സീറ്റുബെൽറ്റിൽ തട്ടി എന്റെ എന്റെ കാലിനും ചെറുപരിക്ക് എങ്കിലും വീഴാതിരിക്കാനുള്ള തന്ത്രപ്പാടിൽ ഞാനതറിഞ്ഞില്ല. ലഘുഭക്ഷണവും ചായയും കഴി ച്ചു. കുതിരക്കാരനും കുതിരയ്ക്കും പ്രത്യേകമായി വാങ്ങികൊടു ത്തു. ശർക്കരപ്രിയരാണത്രെ കുതിരകൾ. സഹയാത്രികർ എല്ലാം എത്തികഴിഞ്ഞപ്പോൾ വീണ്ടും യാത്രതുടർന്നു. നടന്നുപോകുന്ന വർക്ക് പ്രത്യേകമായ കാട്ടുവഴികൾ തെളിഞ്ഞു കിടപ്പുണ്ട്. അവർ ആ വഴികളിലൂടെ ഒപ്പത്തിനൊപ്പം എത്തുന്നുണ്ടായിരുന്നു. ഞങ്ങ ളുടെ കുതിര വീണ്ടും ഉഷാറായി കുതിച്ചു.

അഞ്ചുകിലോമീറ്റർ ദൂരം കുതിരപ്പുറത്ത് യാത്രചെയ്യുവാൻ ആയിരം രൂപയാണ് യാത്രാക്കൂലി. കുതിരക്കാരായ പഹാഡികളിൽ പലരും അടുത്തുള്ള ഗ്രാമവാസികളാണ്. സീസണാകുമ്പോൾ അവർ കുതിരകളെ യാത്രാ സജ്ജമാക്കും. വനവിഭവങ്ങളും കാർഷിക വരുമാനങ്ങളിലും ശ്രദ്ധിച്ചു ബാക്കികാലം കഴിയും. പാവ നമായ യമുനോത്രി ക്ഷേത്ര പരിസരത്ത് ഞങ്ങൾ കുതിരപ്പുറത്തു നിന്ന് ഇറങ്ങി. തിരിച്ചു പോകണമെങ്കിൽ പകുതി ചാർജ്ജ്കൂടെ നൽകണം. പറഞ്ഞാൽ ആ സമയത്ത് വന്നിരിക്കണമെന്ന് മാത്രം. കുതിരപാലകരിൽ ഏറെയും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. അവരുടെ മുഖദർശനങ്ങളിൽ നിന്നും നമുക്കത് വായിച്ചെടുക്കാൻ കഴിയും. സ്കൂളിൽ പോകുന്ന മുതിർന്ന കുട്ടികളും കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിനികളുമെല്ലാം ഇക്കൂട്ടത്തിലുണ്ട്. അടുത്തുള്ള സ്കൂളിലേയ്ക്ക് നാലു നാഴികയ്ക്കപ്പുറം പോകണം കോളേജിൽ പഠിക്കുന്നവർ സീസണിൽ അവധിയ്ക്കുവരും. കുതിരവാടക കഴി ച്ചുകിട്ടുന്ന തുക തുഛമെങ്കിലും വീട്ടുകാരെ സഹായിക്കാൻ അതു കൂടിയെ കഴിയൂ. പഠിച്ചു ദൂരെ ജോലികിട്ടിപോകുന്നവരും അപൂർവ്വ മായെങ്കിലും ഈ വിദൂരഗ്രാമങ്ങളിലുണ്ട്. അതാണവരുടെ ആശയും പ്രതീക്ഷയുമെല്ലാം. എങ്ങിനെയെങ്കിലും കുതിരക്കാരനായാലും തങ്ങളുടെ രക്ഷിതാക്കളെ സഹായിക്കണമെന്നാണ് ഓരോ പഹാഡി കൗമാരങ്ങളുടെയും വിചാരം. ഡൽഹിയിലും ഡറാഡൂണിലും, ഹരി ദ്വാറിലുമെല്ലാം ജോലി ചെയ്യുന്ന ഗ്രാമവാസികളും അപൂർവ്വമായെ

ങ്കിലും ഉണ്ട്. എല്ലാം യമുനാദേവിയുടെ അനുഗ്രഹം ഒന്നുകൊണ്ടു മാത്രം. ഞങ്ങൾ യാത്രക്കാർ മുന്നിൽ തലഉയർത്തി നിൽക്കുന്ന ദേവീ സന്നിധാനത്തിലേയ്ക്ക് ഒന്നിച്ചുതന്നെ നടന്നു. പുഴകടക്കാൻ പാലമുണ്ട്. പാലം കടന്നാൽ അവിടെയാണ് ക്ഷേത്രം.

അഭൗമമായ ഒരന്തരീക്ഷം ക്ഷേത്രത്തെ വലയം ചെയ്തു നിൽക്കുന്നു. യമുനാദേവി അനുഗ്രഹ കലകളാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. ചൈതന്യധന്യയായ ഈ വനദേവത മഹാ മേരുവിന്റെതന്നെ ആത്മപുത്രിയാണ്. യമുനയുടെ തുടക്കം ക്ഷേത്ര ത്തിനു മുൻവശം താഴെയായുള്ള നീരൊഴുക്കിൽ നിന്നും ആരംഭി ക്കുന്നു.

യുമുനോത്രിയിലെ ഈ നീരൊഴുക്ക് രണ്ടു വലിയ സിമിന്റ് ടാങ്കുകളിൽ ശേഖരിക്കപ്പെട്ടനിലയിലാണ് കാണുന്നത്. ഓരോ ടാങ്കിലും എപ്പോഴും പുണ്യജലം നിറഞ്ഞൊഴുകിക്കൊണ്ടിരിക്കും. ഒന്നിൽ ചൂടുവെള്ളവും മറ്റൊന്നിൽ തണുത്ത വെള്ളവും ശേഖരി ക്കപ്പെട്ടിരിക്കുന്നു. ക്ഷേത്രദർശനം നടത്തുന്നതിന് മുമ്പ് ഈ ജല സംഭരണിയിൽ ഇറങ്ങികുളിക്കണം. നാലു ഭാഗത്തുനിന്നും കുള ത്തിലേയ്ക്ക് പടവുകൾകെട്ടിയിറക്കിയിരിക്കുന്നു. ആവിപറക്കുന്ന ഈ ടാങ്കിലെ വെള്ളത്തിന് അഞ്ചടിയെങ്കിലും ആഴം ഉണ്ടായിരി ക്കണം. ഉപരിതലത്തിനടുത്തുനിന്നും കണ്ടാൽ ആവി പറക്കുന്ന തുകാണാം. തൊട്ടുനോക്കി നല്ല കനത്തചൂട് കൈ പെട്ടെന്ന് പിൻവ ലിച്ചു. എങ്ങിനെ ഇതിലിറങ്ങും? പൊള്ളിപ്പോവില്ലേ! അൻപതോളം പേർ ഒരേ സമയം മുങ്ങികുളിക്കുന്ന ചതുരക്കുളം. അവരുടെ മുഖ ത്തേയ്ക്കുനോക്കി എല്ലാവരും പ്രസന്നവദനർ. ആവിക്കുളത്തിൽ അവർ വീണ്ടും വീണ്ടും മുങ്ങുന്നു. പ്രാണഹർഷത്തോടെ.

അരിയിട്ടാൽ വേകുന്ന ആ ജലധിയിൽ ആനന്ദത്തോടെ സ്നാനം ചെയ്യുന്ന ഭക്തജനങ്ങൾ ഇവർക്ക് ഇവിടെ ലഭിക്കുന്നത് സായൂജ്യമാണെന്ന് ആ മുഖങ്ങൾ വിളിച്ചുപറയുന്നു. തങ്ങളുടെ എല്ലാ പാപങ്ങളും ഈ ചൂട്വെള്ളത്തിൽ വീണ് നശിക്കുന്നു എന്ന് അത് നമ്മെ ഓർമ്മപ്പെടുത്തുന്നു. ഭയത്തോടെ സംശയിച്ചുനിൽക്കു ന്നവരെ കുളിച്ചുനിൽക്കുന്ന ഭക്തന്മാർ അങ്ങോട്ട് ക്ഷണിക്കുകയും ചെയ്യുമ്പോൾ സംശയാലുക്കൾക്ക് ഒരാത്മവിശ്വാസം ഉണ്ടാവുകയും ചെയ്യുന്നുവെന്നതാണ് അനുഭവം. രണ്ടും കല്പിച്ച് ആത്മധൈ

ര്യത്തോടെ ചൂടുനീറ്റിലിറങ്ങിയപ്പോൾ ശരിക്കും പൊള്ളുന്നുണ്ടായിരുന്നു. “ബൈറോ” ആരോ വിളിച്ചുപറഞ്ഞു. യമുനയെ മനസ്സിലോർത്ത് ആഴത്തിലേയ്ക്ക് ഒരു മുങ്ങൽ! കുഴപ്പമില്ല. വീണ്ടും വീണ്ടും മുങ്ങിനിവർന്നപ്പോൾ ചൂടിന്റെ തീഷ്ണത മാറി. ഇളം ചൂട്! മറുഭാഗത്ത് വിമൻസ് ബാത്ത്.

‘എങ്ങിനെയുണ്ട് സാറെ’ തിരുവനന്തപുരത്തെ കേശവൻപോറ്റിയുടെ ചോദ്യം.

‘വിചാരിച്ചത്ര ചൂടില്ല’ തിരുവനന്തപുരത്തുനിന്നുള്ള റ്റി.റ്റി.ആർ. ശ്രീ.ദേവരാജന്റെ മറുപടി.

“മഞ്ഞുകട്ടയ്ക്കിടയിൽ തിളച്ചവെള്ളം” ഇത് അമ്മയുടെ അനുഗ്രഹം തന്നെ! ഉപാസകനായ കൊട്ടാരക്കരസന്തോഷിന്റെ പ്രതികരണം.

‘ഇത് ഒരു വരപ്രസാദമാണ്. എൺപതിനടുത്തുള്ള നാരായണൻ ചേട്ടന്റെ അഭിപ്രായത്തെകൂടെ വന്ന ലക്ഷ്മിനാരായണപൈ( കൊച്ചി) തലകുലുക്കി സമ്മതിച്ചു.

കൂടെവന്ന ജലജ കൊച്ചി, സതികുമാരി (തിരുവനന്തപുരം) ലീല, മലപ്പുറം എന്നിവർ. മറുവശത്ത് സ്നാനം ചെയ്യുകയായിരുന്നു. നിർവൃതിയോടെ വനിതാ വിഭാഗത്തിൽ.

“പാപങ്ങളെല്ലാം ഈ കുളിയിൽതന്നെ തീരും.” കണ്ണൂരിൽ നിന്നുള്ള കർഷകൻ ശ്രീ. ജോസഫിന്റെ അഭിപ്രായം അങ്ങിനെയായിരുന്നു.

“ആമാം ആമാം” കന്യാകുമാരിജില്ലക്കാരനായ മുരുകേശൻമേസ്ത്രിയും അതിനോടുയോജിച്ചു. കുളിച്ചുകയറിയപ്പോൾ പരമസുഖം. ഇത് സൂര്യകുണ്ട്. 190 ഡിഗ്രി ഫാറൻഹീറ്റ് അടുത്തുതന്നെ മറ്റൊരു ടാങ്കിൽ തണുത്ത ജലവും ശേഖരിക്കപ്പെട്ടിട്ടുണ്ട്. തണുപ്പ് വേണ്ടവർക്ക് അവിടെയും മുങ്ങികുളിക്കാം. രണ്ടും പാപഹാരികൾ തന്നെ ചൂടുകാലത്ത് ആ ജലത്തിലും മുങ്ങിക്കളിക്കാം. കാലഭേദങ്ങൾക്ക് ഇവിടെ പ്രകൃതിതന്നെ രക്ഷകയായെത്തുന്നു. യമുനാബായ്കുണ്ഡ് മറ്റൊരു ചൂട്ജലസംഭരണിയാണ്. അവിടെയും ഭക്തജന നിരക്കുതന്നെ.

അത്രവലിപ്പമുള്ളതല്ലെങ്കിലും യമുനാദേവി ക്ഷേത്രം ആദ്ധ്യാത്മികാന്തരീക്ഷം ദൂരെ നിന്നു തന്നെ സന്ദർശകർക്ക് അനുഭവപെ

ടും. ചൈതന്യസ്വരൂപമായ ക്ഷേത്രത്തിൽ കടക്കുന്നതിനുമുമ്പ് ദിവ്യ ശില എന്ന ഒരു ശിലാസ്തംഭത്തെ ആരാധിച്ചശേഷമാണ് ഭക്തജ നങ്ങൾ അകത്തേയ്ക്ക് കടക്കുന്നത്. കറുത്തമാർബിളിൽ തീർത്ത സുന്ദരസ്വരൂപമാണ് യമുനാദേവി വിഗ്രഹം. ഇത് ആരാധകരിൽ ഭക്തിയും മുക്തിയും സംവഹിപ്പിക്കും. തൊട്ടടുത്തുള്ള ഗന്ധമാദ നപർവ്വതത്തിലെ ഗന്ധകസാമീപ്യംകൊണ്ടാണ് നീർത്തടങ്ങളിൽ ചൂട് ലഭിക്കുന്നതെന്നാണ് ഗവേഷകഭാഷ്യം. ഹിമാലയൻ ദേവാല യങ്ങളിൽ പലയിടത്തും ഈ പ്രതിഭാസം പണ്ടുകാലം മുതൽതന്നെ നിലനിൽക്കുന്നതായാണ് അനുഭവസ്ഥർ പറയുന്നത്. എത്ര ഒഴുകി പോയാലും തീരാത്ത ഗന്ധകസമൃദ്ധി ഇവിടുത്തെ പൊതുജനങ്ങ ളെയും ഭക്തജനങ്ങളെയും ഒട്ടൊന്നുമല്ല സ്വാധീനിക്കുന്നത്. സൂര്യപുത്രിയാണ് ഇവിടെ യമുന. അതുകൊണ്ട്കൂടെയാവുമോ ഇത് സൂര്യകുണ്ഡും തപ്ത തീർത്ഥവുമെല്ലാമാകുന്നത്. *(തുടരും)*

## ഇസ്താക്ക് സാർ

അങ്കമാലിയിൽ നിന്നും രഘു വിളിച്ചുപറഞ്ഞാണ് ഇസ്താക്ക് സാറിന്റെ ദേഹവിയോഗം അറിഞ്ഞത്. പുറകേ പല ദർശനം സുഹൃ ത്തുക്കളും അത്താഴം കഴിഞ്ഞ് ഒന്നുകുളിമുറിയിൽ കയറിയതാ ണ്. അവിടെവെച്ച് ഹൃദയസ്തംഭനം ഉണ്ടായി. അനായാസേന മര ണം. വിവരം അറിഞ്ഞ ഉടനെ സാറിന്റെ വീട്ടിലെത്തി. സാറിനൊരു മാറ്റവുമില്ല. കണ്ടിട്ട് മിണ്ടാതെ കിടക്കുന്നു എന്നു മാത്രം. സംസ്ക്കാര സമയത്തെകുറിച്ച് അന്വേഷിച്ചു. മതാചാരപരമായിരു ന്നില്ല സാറിന്റെ സംസ്ക്കാരം. ചങ്ങനാശ്ശേരിയിലെ എസ്.ബി.കോളേ ജിലെ ഈ ഗുരുവിന്റെ ശിഷ്യവാത്സല്യം മരണത്തോടെ പോലും അവസാനിക്കുന്നില്ല. തന്റെ ദേഹം കൂടി പഠനത്തിനായി മെഡിക്കൽ വിദ്യാർത്ഥികൾക്ക് കൊടുത്തിട്ടാണ് സാർ കടന്ന് പോയത്.

അച്ഛന്റെ ദേഹവിയോഗശേഷം ''ദർശനം മുടങ്ങാതെ നോക്കണം'' എന്ന അച്ഛന്റെ വാക്ക് എങ്ങിനെ പാലിക്കണം എന്ന ചിന്തയോടെയാണ് ഞാൻ ഇസ്താക്ക് സാറിനെ ആദ്യം സമീപി ക്കുന്നത്. പിന്നെ എന്തുപറയാൻ മാറ്റർ ഒക്കെ എഡിറ്റ് ചെയ്ത് ചമ്പ ക്കുളത്തുള്ള പ്രസ്സിൽ എന്നോടൊപ്പം വന്ന് പ്രൂഫും നോക്കിതന്നു. ഇടവേളകളിൽ ഒന്നിച്ചു പോയി ചായയും പലഹാരവും കഴിച്ചു.

മടിശ്ശീല തരുമ്പോൾ മാത്രം ഒരു നിർബന്ധമുണ്ട് ദർശനത്തിൽ കാണരുത്. കഴിഞ്ഞ കാലത്തെ ശ്രേഷ്ഠ അദ്ധ്യാപകരിൽ ഒരാളായ എസ്.ഡി. കോളേജിലെ ശ്രീരാമവർമ്മതമ്പുരാൻസാറിന്റെ മകനായ പ്രൊഫ.രാമരാജവർമ്മ ഇസ്താക്ക് സാറിനെ ഇവിടെ അനുസ്മരിക്കുന്നു.

## പാപ്പച്ചൻ എന്ന ഐ.ഇസ്താക്ക്

അറുപത്തിയാറുകളിൽ (1966) ഒരു മൊന്തയിൽ പാലുമായി കൈതവനയിലുള്ള കൈലാസന്റെ ചായക്കടയ്ക്കുമുന്നിൽ ദിവസവും അതിരാവിലെ വന്നിരുന്ന പാപ്പച്ചനെന്ന ചെറുപ്പക്കാരനെ ഇന്ന് പലർക്കും അറിയില്ല. സുഗന്ധം പരത്തുന്ന കവിതകളെഴുതുമ്പോഴും സാഹിത്യ-സാമൂഹിക വിമർശനത്തിന്റെ കാതലുകളിലേയ്ക്ക് പ്രതിഭയുടെ തൂലിക ചലിപ്പിക്കുമ്പോഴും ഇസ്താക്ക് വെറും പാപ്പച്ചനായിരുന്നു. സ്നേഹത്തിന്റെ അതിർവരമ്പുകളില്ലാത്ത അനന്തമായ ആഴിയായിരുന്നു ഈശ്വരൻ എന്ന് ഒരു പക്ഷെ പാപ്പച്ചൻ അറിഞ്ഞിട്ടുണ്ടാവണം. അയൽപക്കക്കാരന് കടന്ന് വരുവാൻ വേലി തടസമാവരുതെന്ന് കരുതിയതിനാലായിരിക്കാം 'കുമരൻ പറമ്പ്' മതിലുകളും, വേലിയും ഇല്ലാത്ത സുരക്ഷിത സ്ഥാനമായത്.

കണക്ക് ഐഛികവും ഹിന്ദി രണ്ടാം ഭാഷയുമായി ബിരുദം നേടിയ ഇസ്താക്ക് മലയാള ഭാഷയിൽ ബിരുദാനന്ദര ബിരുദം എടുത്തത് തമ്പുരാൻ സാറിന്റെ വാത്സ്യല്യവും മാപ്പിളസാറിന്റെ സ്നേഹവും കൊണ്ടായിരുന്നു. പാപ്പച്ചൻ എന്നും അയൽക്കാരനെ സ്നേഹിക്കുന്ന നല്ല സമരിയാക്കാരനായിരുന്നു. ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും അപ്പുറം മനുഷ്യസ്നേഹത്തിന്റെ മത പ്രഖ്യാപനമായിരുന്നു ആ ജീവിതം.

ചിന്തയുടെ ഔന്നത്യത്തിൽ വ്യാപരിക്കുമ്പോഴും എം.ഗോവിന്ദൻ, അയ്യപ്പപണിക്കർ, എം.കെ. സാനുമാഷ് എന്നിവരുമായി സൗഹൃദം പുലർത്തുമ്പോഴും ഇസ്താക്ക് സാധാരണക്കാരനായിരുന്നു. ആ നടപ്പും, ചിരിയും കൂട്ടുകാരുമൊത്തുള്ള യാത്രകളും എല്ലാം മനുഷ്യത്വത്തിന്റെ സൗന്ദര്യം വെളിവാക്കുകയായിരുന്നു.

വയലാറിന്റെ കവിത പഠിപ്പിക്കേണ്ടിവന്നപ്പോൾ കമ്മ്യൂണിസത്തെ കുറിച്ച് ആഴത്തിൽ പഠിച്ചു. ദാസ് കാപ്പിറ്റലും വൈരുദ്ധ്യാ

ത്മക ഭൗതികവാദവും മസ്തിഷ്കത്തിൽ നിന്നും ഹൃദയത്തി ലേയ്ക്കും അവിടെനിന്നും സേവനത്തിലേയ്ക്കും ഒഴുകിയെത്തി.

വിദ്യാർത്ഥികളെ അറിവിന്റെ അനന്തസീമങ്ങളിലേയ്ക്ക് ഉയർത്തുമ്പോഴും അവരെ ഭൂമിയിൽ തന്നെ നില ഉറപ്പിക്കാൻ പഠി പ്പിച്ചു. വൈവിധ്യമാർന്ന മേഖലകളിൽ സ്നേഹത്തിന്റെയും പാര സ്പര്യത്തിന്റെയും മധുരസംഗീതം പരത്തിയിരുന്ന കഞ്ഞിപ്പാടത്തെ പങ്കജാക്ഷകുറുപ്പ്, നിത്യചൈതന്യയതി, അജിത, മുരളീധരമേനോൻ, പ്രൊഫ.ബാലകൃഷ്ണൻനായർ എന്നിവരുമായി അടുക്കുവാൻ സഹായിച്ചത് ഇസഹാക്ക് എന്ന ഇസ്താക്കിലെ പാപ്പച്ചനാണ്. രമ ണാശ്രമത്തിൽ താമസിക്കുമ്പോഴും ക്ഷേത്രകലകളുടെ ആന്തരിക സൗന്ദര്യം നുകരുമ്പോഴും ഇസ്താക്ക് മാനുഷിക ധ്യാനത്തിലായി രുന്നു. ജീവിത ഗന്ധികളായ സിനിമകളും കഥകളിയും തെയ്യങ്ങളും നാടൻപാട്ടുമൊക്കെ ഇസ്താക്കിന്റെ ആത്മീയ അന്വേഷണത്തിന്റെ യാത്രയിൽ കണ്ടെത്തിയ വഴിയമ്പലങ്ങളായിരുന്നു.

ധാർമ്മിക മൂല്യങ്ങൾക്ക് ച്യുതി സംഭവിക്കുന്ന ഈ കാലഘ ട്ടത്തിൽ നമുക്ക് പാപ്പച്ചനെ മനസിലാക്കുക പ്രയാസമാണ്. കാരണം നമ്മളാരും പാപ്പച്ചൻമാരായിട്ടില്ല.

ഇസ്താക്കിന് സൗഹൃദത്തിന്റെ പ്രണാമം

**പ്രൊഫ. രാമരാജവർമ്മ 0477–2266261**

---

# അറിവിന്റെ കഷ്ടകാലം

ദർശനത്തിലെ കൊച്ചുവർത്തമാനം വായിച്ച് നല്ല വർത്തമാ നമായിരുന്നു വായിക്കാൻ രസമുണ്ട് എന്നൊക്കെ പലരും പറയാ റുണ്ട്. തൊടുപുഴയിൽ നിന്നും നാരായണപിള്ളചേട്ടനും വിളിച്ചി രുന്നു. ലേഖനം വായിച്ച് അഭിനന്ദിച്ചുകൊണ്ട് എന്നെകാണാൻ ഇങ്ങോട്ടൊന്ന് വരണമെന്നും പറഞ്ഞു. എന്നാൽ ഞാനത് തടഞ്ഞു. എന്നിട്ടുള്ള സത്യം പറഞ്ഞു. ഒന്നുറങ്ങി പാതിരാത്രി കഴിഞ്ഞ് ഉണർന്നാണ് കൊച്ചുവർത്തമാനം എഴുതുന്നത്. സ്വന്തമായ മണ്ട ത്തരങ്ങളും രാത്രി കട്ടെടുക്കുന്ന മഹത് വചനങ്ങളും ചേർത്താണ് ഇതെഴുതി പോരുന്നത്. അതും വായിച്ച് നേരിട്ട് ഇങ്ങോട്ട് വന്നാൽ ആശയങ്ങൾ ഇവിടെ ശീർഷാസനത്തിൽ നില്ക്കുന്നതേ കാണാ

നാകൂ. വന്ദ്യവയോധികനായ അദ്ദേഹത്തിനത് വിഷമമാകും. അതിനാൽ മകൾ പാലായിലാണ് പഠിക്കുന്നത്. ഇടയ്ക്ക് വരുമ്പോൾ ഞാനങ്ങോട്ട് വന്നു കണ്ടോളാമെന്നു പറഞ്ഞ് രക്ഷപ്പെട്ടു. പാലു കുടിച്ചിട്ടില്ലാത്തവൻ പാലിനെകുറിച്ച് പഠിച്ച് വർണ്ണിച്ചിട്ട് വലിയ കാര്യമൊന്നുമില്ല. അറിവ് ബോധമാകണം. ബോധമില്ലാതെ കുറെ അറിവുണ്ടായിട്ട് ഒരു കാര്യവുമില്ല. കഷ്ടകാലം തന്നെ. കൊച്ചു വർത്തമാനത്തിൽ ഒരു സാഹചര്യത്തിലും ക്ഷമകൈവെടിയരുത്, മനസിന്റെ സമനിലതെറ്റാതെ എപ്പോഴും സന്തോഷമായിരിക്കണം, എന്നൊക്കെ എഴുതിപിടിപ്പിക്കാറുണ്ട്. എന്നാൽ പ്രശ്നങ്ങളെ നേരിടേണ്ടി വരുമ്പോൾ ഇതേ വിദ്വാൻ പ്രതിസന്ധികളുടെ ചുഴിയിൽപെട്ട് വട്ടം കറങ്ങുന്നതായിട്ടാണ് കാണുന്നത്. അറിവ് ബോധമാകാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. പ്രിയമുള്ളവരെ ഇവിടെ കുഴിയാണെന്ന് വിളിച്ചുപറയുന്നത് കുഴിയിൽ വീണതുകൊണ്ടും പുറകേ വരുന്നവർ കുഴിയിൽ വീഴാതിരിക്കാനുമാണ്.

കഞ്ഞിപ്പാടത്ത് കുടുംബവീടിന്റെ നിർമ്മാണം അതിന്റെ അവസാനഘട്ടത്തിൽ. ആർക്കിടെക്റ്റ് ബോബിബോസിന്റെ നിർദ്ദേശാനുസരണം പണികൾ തകൃതിയായി നടക്കുന്നു. പഴയ സ്ലാബ് മതിൽ ഏറെയും അടന്നുപോയി. അതുപൊളിച്ച് അതേസ്ഥാനത്ത് പുതിയമതിലിന് ഫൗണ്ടേഷൻ കെട്ടി തുടങ്ങി. ബാക്കി സ്ഥലം വാനം മാന്തിക്കൊണ്ടിരുന്നപ്പോൾ ഗ്രാമപഞ്ചായത്തിന്റെ വണ്ടി വന്നു നിന്നു. ഉദ്യോഗസ്ഥർ ഇറങ്ങി. പണി നിർത്തിവെയ്ക്കാനുള്ള ഒരു ഉത്തരവ് തന്നു. ഞങ്ങൾ അനധികൃതമായി പൊതുസ്ഥലം കയ്യേറി മതിൽ കെട്ടുന്നതായി പഞ്ചായത്തിന് പരാതികിട്ടിയിട്ടുണ്ട്. അതിനാലാണ് നടപടി. ഞങ്ങളെല്ലാവരും വിഷമത്തിലായി. സത്യവിരുദ്ധമായ ആരോപണം. ഉദ്യോഗസ്ഥരെ പഴയ മതിലിന്റെ തൂണുകൾ കാണിച്ചുകൊടുത്തു. എങ്കിലും കുരുക്ക് ഇവിടെ അഴിക്കാനാവില്ല. സ്റ്റേ ഉത്തരവാണ്. പഞ്ചായത്ത് ഓഫീസിലെത്തി കാര്യങ്ങൾ അന്വേഷിച്ചു. മതിലുകെട്ടണമെങ്കിൽ പെർമിറ്റുവേണം. നിങ്ങൾക്കത് ഉണ്ടോ? ഇല്ല എന്ന് ഞാനറിയിച്ചു. പഴയ മതിൽ അതേസ്ഥാനത്ത് പുനർനിർമ്മിക്കുന്നതിന് പെർമിറ്റ് വേണമെന്നറിഞ്ഞില്ല. എന്നാൽ വേണം. അപേക്ഷ കൊടുക്കുക. മതിൽ പിന്നെ പണിയാം. രേഖകളൊക്കെ തയ്യാറാക്കി അപേക്ഷ സമർപ്പിച്ചു. അടുത്തയാഴ്ച പുരവാസ്തുബലി നടത്തേണ്ടതിനാൽ പെർമിറ്റിനായി അസ്വസ്ഥ

മായ മനസ്സോടെ ഞാൻ നെട്ടോട്ടമോടി. മാനഹാനിയും ധനനഷ്ടവും വാരഫലം. കയ്യേറ്റം നടന്നിട്ടുണ്ടോ എന്നറിയാൻ പഞ്ചായത്തിൽ നിന്നും ഓവർസിയർ റോഷ്കുമാർ എത്തി സ്ഥലം കണ്ടു. റോഡുമായി ബന്ധപ്പെട്ട വില്ലേജ്ഓഫീസിലെ രേഖകൾ പരിശോധിച്ചു. യാതൊരു കയ്യേറ്റവും നടന്നിട്ടില്ലെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടു. അതിനനുസരിച്ച് റിപ്പോർട്ടും എഴുതി. എങ്കിലും പെർമിറ്റ് കിട്ടാൻ പലവിധ തടസ്സങ്ങൾ. കയ്യേറ്റം നടന്നു എന്ന് പരാതിപ്പെട്ടയാൾ എന്നെപോലെ ദുർബലനായിരുന്നില്ല. അദ്ദേഹം ശക്തിയായി അധികാരികളെ തെറ്റിദ്ധരിപ്പിച്ചിരുന്നു. ഈ സ്വാധീനവും ഇടയ്ക്കുള്ള അവധികളുംകൊണ്ട് കാര്യങ്ങൾ കുഴഞ്ഞ്മറിഞ്ഞു. പഞ്ചായത്തിന് നിയമ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. അതിന് സമയം വേണം. ഞങ്ങൾക്കാണങ്കിൽ ഇനി സമയവുമില്ല.

പുരവാസ്തുബലിയ്ക്ക് പലരേയും വിളിച്ചിരിക്കുന്നു. മുറ്റത്ത് പാതികെട്ടിയ മതിലും ബാക്കിഭാഗം ചാലുകീറിഇട്ടിരിക്കുകയാണ്. സ്കൂട്ടർപോലും വീട്ടിലേയ്ക്ക് കയറുകയില്ല. അസ്വസ്ഥമായ മനസ്സും അന്തരീക്ഷവും. ഇങ്ങനെ ഒരു അന്തരീക്ഷസൃഷ്ടി നടത്തുവാൻ ഞങ്ങളുടെ അജ്ഞാതമിത്രത്തിന് കഴിഞ്ഞിരിക്കുന്നു. നന്ദി അദ്ദേഹത്തിന് ഈശ്വരാനുഗ്രഹമുണ്ടാവട്ടെ. ഇത് ഞങ്ങളുടെ കർമ്മ ഫലമാണ്. മറ്റാരും ഇതിൽ കുറ്റക്കാരല്ല. അവർ ഒരു നിമിത്തംമാത്രം. പുര ഉയർന്ന് വരുന്നത്കണ്ട് അസൂയപൂണ്ട ആരോ ആണ് ഇത് ചെയ്തത് നടക്കട്ടെ. അപേക്ഷ കൊടുത്തിട്ടുണ്ട് പെർമിറ്റ് കിട്ടുമ്പോൾ കിട്ടട്ടെ. ഇപ്പോൾ എന്റെ ബുദ്ധിയ്ക്ക് ഒന്നും ചെയ്യാനില്ല. എന്നാൽ ഹൃദയത്തിന് ചെയ്യാനുണ്ട്. മൈത്രീ ഭാവനയും ധ്യാനവും. ഞാനത് ചെയ്തു. അച്ഛന്റെ ചില വാക്കുകൾ ഓർത്തു. “എനിക്കെതിരെ കേസ് കൊടുക്കുന്ന എന്റെ മിത്രമായ വാസുദേവൻ, എന്നെ ചീത്ത വിളിക്കുന്ന മദ്യപാനിയായ എന്റെ സുഹൃത്ത്, എന്റെ അതിര്മാന്തുന്ന പാവം മത്തായി” ഇങ്ങനെകരുതിക്കൊണ്ട് സുല്ലിടുക. നമ്മൾക്കും പലവിധ കുഴപ്പങ്ങൾ ഉണ്ടല്ലോ. എല്ലാ ഹീനവാസനകളും വിവേകം കൊണ്ട് ചുട്ടുകളയുക. പ്രതികാരാഗ്നിയെ വിഴുങ്ങുക. ഒരിക്കലും പുറത്തേയ്ക്ക് വിടരുത് അത് നമുക്കും സമൂഹത്തിനും നാശംചെയ്യും സന്തോഷമായിരിക്കുക. പ്രതിസന്ധികൾ വളർച്ചയ്ക്ക് വേണ്ടി ഉള്ളതാണ്. തളർച്ചയ്ക്കുള്ളതല്ല. ഈ ചിന്തയിൽ നീരാടി സ്റ്റേ ഉത്തരവിന്റെ ഉറവിടത്തിൽ മൈത്രീ ഭാവന

അർപ്പിച്ച് പഞ്ചായത്ത് ഓഫീസിലേയ്ക്ക് വീണ്ടും ശബരിയുമായി പോയി. പ്രസിഡന്റ് ധ്യാനസുതനെയും സെക്രട്ടറി കൃഷ്ണൻകുട്ടി സാറിനെയും കണ്ട് കാര്യങ്ങൾ വിശദീകരിച്ചു. റോഡിന്റെ നിർമ്മാണ ഘട്ടത്തിൽ വഴി ആവശ്യപ്പെട്ടവരോട് നിങ്ങൾക്കിഷ്ടമുള്ളത്ര വീതിയിൽ സൗകര്യംപോലെ സ്ഥലം എടുത്തുകൊള്ളൂ എന്ന് പറഞ്ഞ് തോട്ടരിക് നോക്കാതെ വഴികൊടുത്ത ഈ പുരയിടത്തിൽ റോഡും കഴിഞ്ഞ് ഒരു മീറ്ററോളം വീതിയിൽ ഇനിയും സ്ഥലം കിടപ്പുണ്ട്. അച്ഛൻ കെട്ടിയ മതിൽ പുതുക്കി പണിയുകയല്ലാതെ ഇവിടെ മറ്റൊന്നും നടന്നിട്ടില്ല. (ദർശനത്തിന്റെ സ്ഥിതിയും ഇതുതന്നെ) സ്ഥലം വന്നുകണ്ട് ഇഷ്ടം ഉള്ള തീരുമാനം എടുക്കുവാൻ അവരോട് അപേക്ഷിച്ചു. ഇത് അയൽക്കൂട്ടത്തിന്റെ ഉപജ്ഞാതാവിന്റെ വീടാണെന്നും അതിന്റെ പുരവാസ്തുബലിആണെന്നും കൂടി ഓർമ്മിപ്പിച്ചപ്പോൾ അത് ഉൾകൊണ്ട് ഉടനെ വണ്ടി എടുത്ത് കഞ്ഞിപ്പാടത്തേയ്ക്ക് വന്നു. നിർമ്മാണപ്രവർത്തനങ്ങൾ നേരിൽകണ്ടു. സത്യം മനസ്സിലാക്കി ഉടനെ മതിൽകെട്ടാൻ അനുമതിയും തന്നു. നന്ദി അധികാരികൾക്കും ജഗദീശ്വരനും.

പുരവാസ്തുബലി മംഗളകരമായി നടന്നു. പ്രധാനഹാളിൽ അറയുടെ മുമ്പിൽ ശങ്കുണ്ണിമാഷ് വരച്ച പരസ്പരാനന്ദശില്പിയുടെ എണ്ണഛായചിത്രം എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് മൈത്രീഭാവന പൊഴിയ്ക്കുന്നു. എന്നാൽ നമുക്കതിന് കഴിയുന്നുണ്ടോ. പ്രിയമുള്ളവരെ, നമ്മളിൽ ആരാണ് അറിവില്ലാത്തവർ? എല്ലാവർക്കും സ്വസ്ഥജീവിതത്തിന് വേണ്ടതിൽ എത്രയോ കൂടുതൽ അറിവാണുള്ളത്. അതിനാലല്ലേ എല്ലാവരെയും ഉപദേശിക്കാനും നടക്കുന്നത്. ഈ അറിവ് സ്വന്തം വികാസത്തിനെങ്കിലും ഉതകുന്നുണ്ടോ. ഞാൻ സന്തോഷമായിരിക്കുന്നു എന്നാത്മാർത്ഥമായി പറയുവാൻ ഇവിടെ ആർക്കുകഴിയും. എന്താണിതിന് കാരണം. കുറ്റാന്വേഷണ വിദഗ്ദരാണെല്ലാവരും. സ്വന്തം കുറ്റം കാണാനല്ല മറ്റുള്ളവരുടെ കുറ്റം കാണാനാണിഷ്ടം ക്രോധവും വെറുപ്പും ഉള്ളിൽ വളരുന്നവരിൽ ദുരിതങ്ങൾ അനായാസം സംഭവിക്കുന്നു. കൂടുതൽപേരും ദൈവവിശ്വസികളാണെന്ന് പറയുന്നു, മഹാ പണ്ഡിതന്മാരും. ക്ഷേത്രങ്ങളിലും പള്ളികളിലും പോകുന്നു എന്നല്ലാതെ ദൈവവിശ്വാസം ഉള്ള ആരെയെങ്കിലും കാണാനുണ്ടോ? അറിവ് ജീവിതമാകാതിരുന്നാൽ അഹങ്കാരം വർദ്ധിക്കും അത് വലിയ അപ

കടമാണ്. എല്ലാവരിലും നന്മകണ്ട് ഒരേ ജീവനാണെന്ന് തിരിച്ചറിഞ്ഞ് സ്നേഹിക്കുക. മറ്റുള്ളവർക്ക് നമ്മൾചെയ്ത ഉപകാരവും അവർ നമ്മൾക്ക് ചെയ്ത അപകാരവും മറക്കുക. എന്നിട്ട് ഈ പ്രകൃതിയും മറ്റുള്ളവരും നമ്മൾക്ക് ചെയ്തുതന്ന ഉപകാരത്തെ സ്മരിക്കുക സേവനങ്ങൾ ചെയ്യുക. ഇതല്ലാതെ നമ്മുടെ ദുരിത നിവാരണത്തിന് യാതൊരു മാർഗ്ഗവും പ്രപഞ്ചത്തിൽ ഇല്ല. പരസ്പര സ്നേഹത്തിലൂടെയല്ലാതെ ജീവിതാനന്ദം ലഭിക്കുകയില്ല. കഴിഞ്ഞതെല്ലാം കഴിഞ്ഞു. മനസ്സിൽ ആരോടെങ്കിലും വിദ്വേഷം ഉണ്ടെങ്കിൽ ഒരു വലിയ സുല്ലിടുക. ശിഷ്ടകാലം മൈത്രീ ഭാവനയോടെ ജീവിക്കൂ. അത് തന്നെ നമ്മുടെ രക്ഷ അടുത്ത തലമുറയുടെയും. ഈശ്വരാരാധനയും മനുഷ്യസ്നേഹവും തമ്മിൽ ഒരു സേതു ബന്ധിക്കുക.

"ആ മനോഹര സ്വാതന്ത്ര്യ സ്വർഗമായി
മാമക നാടുണരേണമീശ്വരാ"

---

# മാനുഷിക ധ്യാനം

നമ്മുടെ കുടുംബത്തിന്റെ ഇന്നത്തെ കഷ്ടാവസ്ഥയിൽ നിന്നുള്ള മോചനത്തിന് ദർശനം ലളിതമായ ഒരു വഴി നിർദ്ദേശിക്കുന്നു. മനുഷ്യ മനസ്സിൽ തുടങ്ങുന്ന ഒരു പരിശീലനമാണിത്. താല്പര്യമുള്ള ആർക്കും ചെയ്യാവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധന്മാർക്കും ചെയ്യാം. ബോധമുള്ള ഏതൊരു വ്യക്തിക്കും നാസ്തികനും ആസ്തികനും ഈ സാധന അനുഷ്ഠിക്കാം. രോഗശയ്യയിൽ കിടന്നു കൊണ്ടും ചെയ്യാം.

നിത്യേന പ്രഭാതത്തിൽ ഉണർന്ന്, ശുദ്ധി കൈവരുത്തി, കണ്ണടച്ച് മനസ്സ് ശൂന്യമാക്കി അല്പനേരം ഇരിക്കുക. സാവധാനം വീട് ഓർമ്മി ക്കുക. ഇതാ ഇവരാണ് ഇപ്പോൾ ഭൂമിയിൽ എനിക്ക് ഏറ്റവും അടുത്തു ള്ളവർ ഇവരുമായി സംസാരിക്കുമ്പോൾ എന്റെ ശബ്ദം പരുഷമാകാ തിരിക്കാൻ ഇന്നു ഞാൻ ശ്രദ്ധിക്കും. ഇവരുമായുള്ള എന്റെ പെരുമാറ്റം ഇവരുമായുള്ള എന്റെ അടുപ്പത്തിന് സഹായകമായിരിക്കണം. ഇവർക്ക് വേദനയോ അപമാനമോ പിന്തള്ളപ്പെടുന്നു എന്ന ഭാവമോ ഉളവാക്കുന്ന ഒന്നും എന്നിൽ നിന്ന് ഉണ്ടാവാതിരിക്കുവാൻ ഞാൻ ശ്രദ്ധിക്കും. ഒരു

സാഹചര്യത്തിലും ഇന്ന് കുടുംബങ്ങളുമായി അകലാൻ ഇടവരാതി രിക്കട്ടെ .

രണ്ടാമതായി - അയൽവീടുകളെ മനസ്സിൽ ഓർമ്മിക്കുക. തൊട്ടടു ത്തുള്ള ഓരോ വീടും മനസ്സിൽ കാണുക. ഇതാ ഇവരാണ് എന്റെ അയൽക്കാർ. എന്റെ വീട് ഈ അയൽക്കാർക്ക് ഉപദ്രവ മാകാതിരിക്കണം. ഞങ്ങളുടെ പറമ്പിലെ വൃക്ഷശാഖകൾ പടർന്നിട്ടോ, ശബ്ദം കൊണ്ടോ, ഗന്ധംകൊണ്ടോ ഒരു തരത്തിലും അയൽക്കാർക്ക് ഉപദ്രവമാകാതിരിക്കണം. വളർത്തുജീവികളെ ക്കൊണ്ടോ, നീരൊലിപ്പു കൊണ്ടോ ഒരുതരത്തിലും അയൽ വീടുകൾക്ക് ഞങ്ങളുടെ വീട് ശല്യമാകാതിരി ക്കാൻ ഇന്നേ ദിവസം ഞാൻ ശ്രദ്ധിക്കും. ഞങ്ങളുടെ ചുറ്റുമുള്ള എല്ലാ വീടുകൾക്കും എന്റെ വീട് ഇഷ്ടാനുഭവമായിരിക്കട്ടെ. ആവശ്യങ്ങൾ പരസ്പരം പറയുവാനും ഉപകരണങ്ങൾ കൈമാറുവാനും ഞങ്ങൾക്ക് സന്തോഷമാവണം. പരസ്പരമുണ്ട് എന്നതായിരിക്കട്ടെ നമ്മുടെ ഏറ്റവും വലിയ സമ്പത്ത്.

മൂന്നാമത്-അവരവരുടെ ഗ്രാമം അല്ലെങ്കിൽ നഗരം. ഞങ്ങൾ താമസിക്കുന്ന ഞങ്ങളുടെ പ്രദേശത്തുള്ള ഒരു വീടും ദാരിദ്ര്യം കൊണ്ടോ രോഗം കൊണ്ടോ കലഹം കൊണ്ടോ ദുഃഖിക്കാനിട വരാതെ എല്ലാ വീടുകളും എല്ലാ വ്യക്തികളും പരസ്പരാനന്ദ ത്തോടെ ജീവിക്കുവാൻ ഇടവരുന്നതിന് ഇന്നേദിവസം ഞാൻ യഥാശക്തി പരിശ്രമിക്കും.

ആഗോള മാനുഷിക ധ്യാനം:- അനന്താകാശത്തുകൂടി അതിവേഗം സഞ്ചരിക്കുന്ന ഒരു ചെറിയ ഗോളത്തിലാണ് നമ്മളെല്ലാം ഉള്ളത്. ഇതാണ് നമ്മുടെ ആവാസസ്ഥാനം. ഈ ഭൂമിയെ ആശ്രയിച്ചാണ് നമ്മ ളെല്ലാം ജീവിക്കുന്ന്. നാം ഓരോരുത്തരും ഭൂമിക്കാരാണ്. ഇവിടെയുള്ള എല്ലാവരും പരസ്പരം വേണ്ടപ്പെട്ടവരാണ്. നാം ഒരു വീട്ടുകാർ. ഒരേ കാലഘട്ടത്തിൽ, ഒരിടത്ത്, ഒന്നിച്ച് കഴിയുന്നവർ. നമ്മുടെ മത വിശ്വാസമോ; പ്രത്യയശാസ്ത്ര വിചാരങ്ങളോ; നിറഭേദമോ; ഭാഷാ ഭേദമോ; സ്വഭാവ വ്യതാസങ്ങളോ; സാമ്പത്തിക ഉച്ച-നീചത്വമോ; അഭിരുചി വ്യത്യാസമോ ഒന്നും നാം തമ്മിലുള്ള ബന്ധത്തെ മുറിക്കാന നുവദിക്കില്ല. ഇപ്പോഴുള്ള 600 കോടി ജനങ്ങളും എന്റെ മിത്രങ്ങളാണ്. കഴിഞ്ഞുപോയവരും എന്റെ കുടുംബാംഗങ്ങൾ. ശ്രീബുദ്ധനും സോക്രട്ടീസും യേശുവും

നബിയും എന്റെ കുടുംബക്കാരാണ്. ഇനിയും എത്രമോ പേർ എന്റെയീ കുടുംബത്തിൽ ജനിക്കാനിരിക്കുന്നു. എന്റെ വിശാലകുടുംബത്തിൽ എവിടെ സഞ്ചരിക്കുവാനും എവിടെ താമസി ക്കുവാനും എനിക്ക് അവകാശമുണ്ട്. ഒരു ഭരണാധി കാരിയും അത് തടയാൻ പാടുള്ളതല്ല. മഹത്തും സമൃദ്ധവും സുന്ദരവുമായ ഒരു ഭൂമിയിലുള്ള എല്ലാവരും എനിക്ക് വേണ്ടപ്പെട്ട വരും ഞാൻ അവർക്കു വേണ്ടിക്കൂടി ഉള്ളവനുമാണ്. ഈ ബോധം ഒരു സാഹചര്യത്തിലും നഷ്ടപ്പെടുത്താതിരിക്കാൻ ഞാൻ ശ്രദ്ധിക്കും.

അഞ്ചാമത്, പ്രപഞ്ചധ്യാനം. ഈ ഭൂമിയിലുള്ള സർവ്വചരാ ചരങ്ങളും അന്തരീക്ഷത്തിലുള്ള ജ്യോതിർഗോളങ്ങളും അന്തരീ ക്ഷമാകെയും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. എല്ലാം പരസ്പരം പൂരിപ്പിച്ചുകൊണ്ടേ ഇരിക്കുന്നു. ഈ പ്രപഞ്ചവുമായുള്ള ലയന മാണ് എന്റെ ജീവിതത്തെ ധന്യമാക്കുന്നത്. ഇതിൽ നിന്നും വേറിട്ട് എനിക്കൊരു നിലനില്പില്ല. എന്റെ വ്യക്തിത്വം സാവധാനം വികസിച്ച് പ്രപഞ്ചത്തോട് ലയിക്കുന്ന മഹാ പ്രക്രിയയാവട്ടെ.

എല്ലാവരും നിത്യേന പ്രഭാതത്തിൽ ശീലിക്കേണ്ട സാധന യാണ് ഈ മാനുഷിക ധ്യാനം. ഇതു ചെയ്തിട്ടുവേണം ഓരോരു ത്തരും ദൈനംദിന ജീവിത കാര്യങ്ങളിലേക്ക് പ്രവേശിക്കുവാൻ. ഈശ്വര ധ്യാനം ചെയ്യാറുള്ളവർ അതുകഴിഞ്ഞ് മാനുഷിക ധ്യാനം കൂടി ചെയ്യുക.

---

## പൊതുവിവരങ്ങൾ

### 1. ഭവനസന്ദർശനം

നാം ആരെയെങ്കിലും സ്നേഹിക്കുകയോ ഒരു ഗുരു വിനെയോ ദൈവത്തേയോ ആരാധിക്കുകയോ ചെയ്യുമ്പോൾ മനസ്സ് അവിടെ സങ്കോചിക്കാതെ ഏകാഗ്രത നേടി വികാസം പ്രാപിച്ച് വിശ്വമൈത്രീഭാവത്തിലേക്ക് വിടർന്നു വരണം. വട്ടപ്പായിത്തറ അമ്മയെ തൊഴുമ്പോൾ ഇതെന്റെ മാത്രം അമ്മയും രക്ഷിതാവു മെന്നും കരുതാതെ എന്നെ പോലെ ഉള്ളവരുടെ എല്ലാം രക്ഷിതാ വായി കണ്ട് പ്രാർത്ഥിക്കുവാൻ കഴിയണം. ജഗദീശ്വരിയ്ക്ക് മക്കൾ തമ്മിൽ വ്യത്യാസമുണ്ടോ. പരസ്പരസ്നേഹം വളർത്തുവാനുള്ള എല്ലാ വാതിലുകളും തുറന്നിടുക. ഈശ്വരകൃപ നമ്മലേയ്ക്കൊ

ഴുകി എത്തുവാനുള്ള മാർഗ്ഗങ്ങളാണത്. ക്ഷേത്രത്തിൽ കുടികൊള്ളുന്ന ശക്തിയുടെ പ്രകടിത രൂപം തന്നെയാണീലോകവും ജീവിജാലങ്ങളും. എല്ലാം ഒന്നുതന്നെ. എല്ലാ മനുഷ്യരിലും കുടികൊള്ളുന്നത് ഒരേ ശക്തിതന്നെ. ഏകാത്മബോധം ഉദിക്കുമ്പോഴാണ് ജീവിതാനന്ദം ഉണ്ടാകുന്നത്. അതുവരെ നാം അന്ധകാരത്തിലാണ്. ഈ സങ്കല്പത്തോടെയാണ് ദർശനം മൈത്രീഭാവന മനുഷ്യമനസ്സിൽ കൊളുത്തിവെയ്ക്കുവാൻ ശ്രമിക്കുന്നത്. ഈ സ്മരണാഞ്ജലിയിലെ യോഗങ്ങൾ, ചർച്ച, ഭവനസന്ദർശനം, ധ്യാനം എല്ലാം പരസ്പരാനന്ദജീവതമാണ് ലക്ഷ്യമിടുന്നത്. യാതൊരു പരിചയവുമില്ലാത്ത എങ്ങുനിന്നോ വന്നവരും നാട്ടുകാരും ഉൾപ്പെട്ടപത്തുപേരുവീതം ചേർന്ന് തറകൾ കൂടണം. ഉച്ചഊണിന് ശേഷം നാട്ടിൽ നിന്നും പങ്കെടുക്കുന്നവർ തറക്കൂട്ടത്തിൽ കൂടുന്നവരെ ഒരു സൗഹൃദത്തിനായി സ്വന്തം വീടുകളിലേയ്ക്ക് കൊണ്ടുപോകുക. പരസ്പര സ്നേഹത്തിലൂടെ പാരസ്പര്യത്തിന്റെ വിത്തുകൾ കിളിർക്കട്ടെ. സൗഹൃദം ആജീവനാന്തം തുടരണം. ഈ ലോകജീവിതം സുന്ദരമാക്കുവാൻ നമുക്ക് ഒരു തിരി തെളിക്കാം നമ്മുടെ മനസ്സ് സുന്ദരമാക്കാം. അതിനുള്ള സാധനയാണ് ഭവനസന്ദർശനം. 4 മണിക്കുള്ള സമാപന സമ്മേളനത്തിന് മുൻപ് യോഗസ്ഥലത്തെത്തണം.

## 2. ദർശനവേദി

മുഹമ്മയിൽ പ്രവർത്തിച്ചുവരുന്ന ദർശന വേദിയുടെ ഓണാഘോഷ പരിപാടികൾ മംഗളകരമായി നടന്നു. ദർശനം ആശയങ്ങൾ ഉൾകൊണ്ടുള്ള സേവനപ്രവർത്തനങ്ങളല്ലാതെ നാണയമേളകൾ ഇവിടെ ഇല്ല. ശ്രീ. എ.ഒ. ജോയി അദ്ധ്യക്ഷനായിരുന്ന യോഗം പഞ്ചായത്തുമെമ്പർ ശ്രീ. സതീശൻ ഉദ്ഘാടനം ചെയ്തു. മാനുഷിക ധ്യാനത്തോടെയാണ് പരിപാടികൾ ആരംഭിച്ചത്. സൗഹൃദം വളർത്തുന്ന ഒട്ടേറെ കലാ-കായിക പരിപാടികൾ രാത്രി വരെ നീണ്ടുനിന്നു. അച്ഛനോടൊപ്പം പ്രവർത്തിച്ചിട്ടുള്ള രഘുവരൻചേട്ടനാണ് ഈ കൂട്ടായ്മയുടെ മാർഗ്ഗദർശകൻ കെ.എസ്. വിക്രമൻനായർ സെക്രട്ടറിയും. ദർശനത്തിന്റെ അഭിനന്ദനങ്ങൾ.

## 3. ശ്രീ. മുരളീധരമേനോൻ അനുസ്മരണങ്ങൾ

ആലപ്പുഴയിൽ എസ്.ഡി. കോളേജിലെ മുൻ അദ്ധ്യാപക സുഹൃത്തുക്കൾ ചേർന്ന് എസ്.ഡി.വി. ബസന്റ് ഹാളിൽ

സാറിന് സമുചിതമായ അനുസ്മരണം നടത്തി. രാമായണമാസമായിരുന്നതിനാൽ കഥയിലെ ആന്തരീകാർത്ഥം വ്യാഖ്യാനിച്ചുകൊണ്ടുള്ള ശർമ്മസാറിന്റെ പ്രഭാഷണവും ഉണ്ടായിരുന്നു. പ്രൊഫ. പി. കെ. രവീന്ദ്രനാഥൻസാർ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ പ്രൊഫ. രാമരാജവർമ്മ സ്വാഗതവും സംഘാടകനായ നാരായണനമ്പൂതിരി സാർ കൃതജ്ഞതയും പറഞ്ഞു.

അമ്പലപ്പുഴയിൽ ഡോ: ഹരിഹരന്റെ ഭവനത്തിൽ നടന്ന അനുസ്മരണ സമ്മേളനം ഡോ: അമ്പലപ്പുഴ ഗോപകുമാർ നിലവിളക്ക്കൊളുത്തി ഉദ്ഘാടനം ചെയ്തു. ഡോ: ഹരിഹരൻ സദസ്സിനെ സ്വാഗതം ചെയ്തുകൊണ്ട് മേനോൻസാർ സമൂഹത്തിൽ വളർത്തിയെടുത്ത ശാശ്വതമൂല്യങ്ങളെക്കുറിച്ച് ഓർമ്മിപ്പിച്ചു. ഡോ: കൃഷ്ണകുമാർ, അഡ്വ. രാമകൃഷ്ണൻ, ഡോ: ഗോലാപകൃഷ്ണൻ, ദേവദത്ത് ജി. പുറക്കാട് രമചേച്ചി തുടങ്ങിയവർ സ്മരണാഞ്ജലി അർപ്പിച്ചു. സാറിന്റെ ആത്മമിത്രമായ ഏവൂർ മാധവൻ നായരുസാർ (86) മേനോൻ സാറിന്റെ വ്യക്തിത്വത്തെ ആവാഹിച്ചെടുത്ത് സ്വന്തം കവിതയിലൂടെയും ലേഖനത്തിലൂടെയും അവതരിപ്പിച്ചത് ഈ യോഗത്തിലെ മഹത്തായ ഒരു അനുഭവമായിരുന്നു. അദ്ദേഹത്തിന്റെ മകൾ ഹേമയുടെ അനുസ്മരണം ഗുരുശിഷ്യബന്ധത്തിന്റെ മാധുര്യം പകർന്നു.

**4.** സ്മരണാഞ്ജലിയ്ക്ക് മുമ്പും(21) ശേഷവും ഉള്ള ഞായറാഴ്ചകളിൽ (ഒക്ടോബർ 5) പരിപാടികളുടെ നടത്തിപ്പിനും വിലയിരുത്തലിനുംവേണ്ടി നീർക്കുന്നം ധന്യയിൽ 5 മുതൽ 7 വരെ കൂടുന്ന യോഗത്തിൽ കഴിയുന്നത്ര പേർ പങ്കെടുക്കുക.

## ദർശനത്തിന്റെ പ്രാർത്ഥന

അക്രമത്തിന്റെ മാർഗ്ഗം സ്വീകരിച്ചിരിക്കുന്നവർ ആയുധം താഴെ വയ്ക്കുക. ഒരാളുടെ ജീവനെടുക്കുവാൻ മറ്റൊരാൾക്ക് അധികാരമില്ല. വാളെടുക്കുന്നവൻ വാളാൽ മരിക്കും. ഹിംസയുടെ നടുക്ക് അഹിംസ കണ്ടുപിടിച്ച ഭാരതീയ ഋഷി, ന്യൂട്ടനേക്കാൾ വലിയ ശാസ്ത്രജ്ഞനാണെന്ന് മഹാത്മാഗാന്ധി. ഭൂമിയിലുള്ള ദുഃഖിതരും പീഢിതരും ആയവർക്ക് ശാന്തിയും സമാധാനവും ലഭിക്കട്ടെ.

സത്യം

അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com


To

## മടിശ്ശീല

ലത, ചന്ദ്രവിലാസം - 300, രാജമ്മചേച്ചി മാവേലിത്തറ - 100, ധനേഷ്ബാബു, പത്മസദനം - 100, വേണു, തുരുത്തേൽ - 100, സുഷമമുരളീധരമേനോൻ - 1000, ഇന്ദിരാനരേന്ദ്രനാഥ് - 500, പപ്പേട്ടൻ അമൃതപുരി - 500, കെ. ബാബു, വണ്ടാനം - 500, അഡ്വ. അഹമ്മദ് അമ്പലപ്പുഴ - 200, കബീർ പാലക്കാട് - 100, ഉണ്ണികൃഷ്ണൻ നായർ വണ്ടാനം - 100, സിസ്റ്റർ ജയ്സികാർമൽ, കൂനന്താനം - 100, മോഹൻദാസ്സ് നീർക്കുന്നം - 100, പീതാംബരൻ, കാഞ്ഞിരംചിറ - 100, രാധചേച്ചി, കോലപ്പള്ളി - 100, കുട്ടപ്പൻസാർ, അമ്പലപ്പുഴ - 200, പി.എൻ. വേണുഗോപാൽ, പഴവീട് - 500. എല്ലാവർക്കും പ്രണാമം.

സ്മരണാഞ്ജലി സെപ്റ്റംബർ 28 എല്ലാവർക്കും സ്വാഗതം. പദയാത്രയിൽ പങ്കെടുക്കുന്നവർ രാവിലെ 8നു മുമ്പായി നീർക്കുന്നത്ത് ധന്യയിലെത്തുക. നീർക്കുന്നം ബസ് സ്റ്റോപ്പിന് അടുത്തുതന്നെയാണ് വീട്. 8 മണികഴിഞ്ഞാൽ കഞ്ഞിപ്പാടത്തേയ്ക്ക് പോരുക.


Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306